
ബൈബിൾ
ട്രൂത്
THE BIBLE TRUTH

# പുതിയ നിയമ സഭ

സ്ഥാപകൻ - ക്രിസ്തു. സ്ഥലം - യെരുശലേം. എപ്പോൾ - എ.ഡി. 33-ൽ.

മത്തായി 16:18 തല - ക്രിസ്തു എഫെ. 1:22 പ്രവൃത്തി 2:5-47

പ്രവൃത്തി 2 തലസ്ഥാനം - സ്വർഗ്ഗം - ഫിലി 3:20

| | | |
|---|---|---|
| സംഘടന എഫെ 3:15 | മൂപ്പന്മാർ | - തീത്തൊ 1:5-7, പ്രവൃത്തി 20:23 1തിമൊ 3:1-7 |
| | ശുശ്രൂഷകന്മാർ | - പ്രവൃത്തി 6:1 1തിമൊ 3:8-13 |
| | അംഗങ്ങൾ | - പ്രവൃത്തി 2:41-47, കൊലൊ 1:13, 1 കൊരി 1:2 |
| സഭയെ അറിയപ്പെട്ടത് എഫെ 3:15 | ദൈവസഭ | - 1കൊരി 1:2, പ്രവൃത്തി 20:28 |
| | ക്രിസ്തുവിന്റെ ശരീരം | - കൊലൊ 1:13, എഫെ 1:22-23 |
| | ക്രിസ്തുവിന്റെ സഭകൾ | - മത്താ. 16:18, റോമർ 16: 16 |
| | ക്രിസ്തുവിന്റെ മണവാട്ടി | - റോമർ 1:4, വെളി. 21:9 |
| അംഗങ്ങളെ അറിയപ്പെട്ടത് എഫെ 3:15 | ശിഷ്യന്മാർ | - യോഹ. 15:8, പ്രവൃത്തി 11:26 |
| | വിശുദ്ധന്മാർ | - റോമർ 1:7, 1 കൊരി 1:2, ഫിലി. 1:1 |
| | സഹോദരന്മാർ | - ലൂക്കോ 8:21, ഗലാത്യർ 6:1 |
| | മക്കൾ | - ഗലാത്യർ 3:26, 1 യോഹ 2:1 |
| | ക്രിസ്ത്യാനികൾ | - പ്രവൃത്തി 11:26, 26:28, 1 പത്രൊ 4 :16 |
| വിശ്വാസ നിയമവും | ദൈവവചനം | - മത്തായി 28:18-20, 2 തിമൊ. 3:16-17 2 പത്രൊ 1:3 |
| പരിശീലനവും | പാട്ട് | - കൊലൊ 3:16, എഫെ 5:19, 1 കൊരി 14:15, എബ്രാ 2:12 |
| | പ്രാർത്ഥന | - 1തെസ 5:17 |
| | പ്രസംഗം | - പ്രവൃത്തി 5:42 |
| ആരാധന | കർത്തൃമേശ | - പ്രവൃത്തി 20:7, 1 കൊരി 11:23 |
| | ധർമ്മ ശേഖരം | - 1 കൊരി 16:1-2 |
| ദൗത്യം | ആത്മാക്കളെ രക്ഷിക്കൽ | - മത്താ. 5:13-16, യോഹ 15:8-16, 1 തിമൊ 4:16 |
| മുന്നറിയിപ്പ് | വിശ്വസ്തരായിരിക്കണം | - മത്തായി 15:9, 15:13, ഗലാ. 1:6-8, 2 യോഹ. 9-10 |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 19** **June 2005** **No.3**

## എഡിറ്റോറിയൽ

ലോകമെങ്ങും സാമൂഹ്യമായ സേവനങ്ങൾ വിവിധ രീതിയിൽ ആളുകൾ നടത്തുന്നുണ്ട്. സമൂഹത്തിൽ ഉണ്ടാകുന്ന ദുരിതങ്ങൾക്കിരയായി കഷ്ടമനുഭവിക്കുന്നവർ, യാദൃശ്ചിക അപകടങ്ങളിൽ പെട്ട് വിഷമിക്കുന്നവർ, അഷ്ടിക്കു വകയില്ലാതെ ബുദ്ധിമുട്ടുന്നവർ, വഴി, വെള്ളം, വെളിച്ചം, വിദ്യാഭ്യാസം എന്നിവയ്ക്കായി ബുദ്ധിമുട്ടുന്നവർ എന്നിങ്ങനെ നീണ്ടു പോകുന്നു സാമൂഹികാവശ്യങ്ങൾ. ഭൗതികമായ മനുഷ്യരുടെ നിലനില്പിനു ആവശ്യമെന്നു തോന്നിക്കുന്ന ഇത്തരം കാര്യങ്ങൾക്കു താങ്ങും തണലുമായി പ്രവർത്തിക്കുന്ന സർക്കാരും സന്നദ്ധ സംഘടനകളും ഉണ്ട്. നമ്മുടെ സഹജീവികളെ സ്നേഹിക്കുകയും കരുതുകയും ചെയ്യേണ്ടതു അത്യാവശ്യം തന്നെയാണ്. അടുത്ത സമയത്തുണ്ടായ സുനാമി ദുരന്തങ്ങളിൽ ജീവനും സ്വത്തും നഷ്ടപ്പെട്ട കുടുംബങ്ങൾ അസംഖ്യമാണ്. കോടിക്കണക്കിനു രൂപ സഹൃദയരും ഔദാര്യശീലരുമായ ആളുകൾ സഹായ ധനമായി സ്വരൂപിക്കുകയുണ്ടായി. വാർത്താ മാധ്യമങ്ങളിലൂടെ അവരുടെ വാഗ്ദാനങ്ങളും പ്രലോഭനങ്ങളും ആളുകളെ കോരിത്തരിപ്പിച്ചിട്ടുണ്ട്.

ഇത്തരം സന്ദർഭങ്ങളിൽ നിയമത്തിന്റെയും സാങ്കേതികത്വത്തിന്റേയും പേരിൽ തടസ്സം നിരത്തുന്നതു ശരിയല്ല. മനുഷ്യത്വപരമായ സമീപനമാണ് അശരണർക്ക് ആവശ്യം. തങ്ങളുടേതല്ലാത്ത കാരണത്താൽ കഷ്ടപ്പെടേണ്ടിവരുന്നവരുടെ ദുർഗ്ഗതി. അതിൽ രാഷ്ട്രീയ മുതലെടുപ്പോ, ചൂഷണമോ ഉണ്ടാകരുത്. മനുഷ്യ ജീവിതത്തെ നിലനിർത്തുവാൻ ചെയ്യേണ്ടതു ചെയ്ത

ശേഷം അവർ സ്വയമായി തെരഞ്ഞെടുക്കേണ്ടതാണ് മതവും രാഷ്ട്രീയവും. നാം പരിഷ്കാരത്തിലും സംസ്ക്കാരത്തിലും ഉയർന്നിരിക്കുന്നു എന്നു പറയുകയും നമ്മുടെ പ്രവൃത്തികളാൽ നിഷേധിക്കുകയും ചെയ്യുന്നതു വിരോധാഭാസമാണ്. ഞാൻ പറയുന്നതു സാമൂഹിക സേവനം വിവേകപൂർവ്വം ചെയ്യുക. നന്മ പ്രവർത്തിക്കുക എന്നതായിരിക്കണം ലക്ഷ്യം. കാപട്യം നിറഞ്ഞ രാഷ്ട്രീയവും മതവും ഇന്നു മനുഷ്യത്വത്തിൽ നിന്നു വളരെ ദൂരെയാണ്. ജാതിയോ മതമോ വർഗ്ഗമോ നിറമോ യാതൊന്നും നോക്കാതെ അർഹതപ്പെട്ടവരെ സഹായിക്ക തന്നെ വേണം. അതേ സമയം ഈ അവസരം മുതലാക്കാൻ ശ്രമിക്കുന്ന അനർഹരേയും നാം തിരിച്ചറിയണം.

യേശുക്രിസ്തു, വിശന്നവർക്കു ആഹാരം കൊടുക്കുകയും രോഗികളെ സൗഖ്യമാക്കുകയും ചെയ്തിരുന്നു. പക്ഷഭേദമില്ലാതെയാണ് യേശു അത് ചെയ്തതു. ദരിദ്രരോടു സുവിശേഷം അറിയിക്കയും അവരെ ഓർത്തുകൊള്ളുകയും വേണമെന്നു അവൻ പഠിപ്പിച്ചു. ആ തത്വം സർവ്വ മനുഷ്യരും പാലിച്ചാൽ എത്ര നന്നായിരുന്നു. അസമത്വവും അനീതിയും ഒഴിവാക്കണം. സമത്വവും നീതിയും വാഴണം. അതാണു ദൈവത്തിന്റെ ഇംഗിതം. ദൈവം ഒരിക്കൽ യിസ്രായേൽ ജനത്തിനു സ്വർഗ്ഗത്തിൽ നിന്നു മന്നാ പൊഴിച്ചു കൊടുത്തു. ചിലർ ഏറെ പെറുക്കി. ചിലർ കുറച്ചു പെറുക്കി. ഫലമോ എല്ലാവർക്കും തുല്യമായി കണ്ടു. നാം ചെയ്യുന്ന പ്രവൃത്തിക്കു തക്ക പ്രതിഫലം ദൈവം തരും. നല്ല പ്രവൃത്തിയാണെങ്കിൽ അതിനു നല്ല ഫലം കിട്ടും. നന്മ ചെയ്യുന്നതിൽ നാം മടുത്തു പോകരുത്. സമൂഹത്തിൽ ഉയർച്ചയ്ക്കു ഭൗതികം മാത്രമല്ല ആവശ്യം. ജീവിതം ദൈവത്താൽ അംഗീകരിക്കപ്പെടണം. ആന്തരിക സ്വഭാവത്തിനു മാറ്റം വരണം. നമ്മുടെ ചിന്തകളും വികാരങ്ങളും മിതത്വമായി മാറണം. അവനവൻ തനിക്കു കഴിവുള്ളതു ചരതിച്ചു വച്ചു മുട്ടുള്ളവന്നു കൊടുക്കണം. ഇതാണ് യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ പരിശീലിച്ചത്. അവർ തങ്ങൾക്കുള്ളതെല്ലാം പൊതുവക എന്നു എണ്ണി. നിസ്വാർത്ഥമായ സമീപനം ദൈവ ഭക്തിയിൽ ജീവിക്കുന്നവർക്കുണ്ടാകും. നന്മ ചെയ്‌വാൻ അറിഞ്ഞിട്ടു ചെയ്യാതിരുന്നാൽ അതു പാപമാകും.

★

# പുതിയ മത പരിശീലനങ്ങൾ

## ജെ.സി. ചോട്ട്

മതപരമായ ലോകം തീർച്ചയായി മാറിക്കൊണ്ടിരിക്കുകയാണ്. കുറച്ചു വർഷങ്ങൾക്കു മുൻപ് സങ്കല്പിക്കാൻ കഴിയാതിരുന്ന പരിശീലനങ്ങൾ ഇപ്പോൾ നിലവിലുണ്ട്. പുതിയ പേരിൽ പുതിയ സഭകൾ, പുതിയ ആരാധനാ രീതികൾ, പുതിയ ഉപദേശങ്ങൾ, പുതിയ തത്വസംഹിതകൾ എന്നു തുടങ്ങി അനവധി കാര്യങ്ങൾ ജനങ്ങൾ സ്വീകരിക്കുന്നുണ്ട്.

പെന്തെകൊസ്തു വിഭാഗങ്ങളിൽ, ഉദാഹരണമായി ഇത്തരം പരിശീലനങ്ങൾ അടുത്തകാലത്തു അധികമായി വളർന്നു വന്നിട്ടുണ്ട്. അത്ഭുത രോഗശാന്തി ആവശ്യമായ ആളുകളെ വേദിയിലേയ്ക്കു ക്ഷണിച്ചു വരുത്തും. പ്രത്യേകമായ സൗഖ്യവും പരിശുദ്ധാത്മാഭിഷേകവും ആഗ്രഹിക്കുന്നവർ അവിടേയ്ക്കു ക്യൂ ആയി ചെല്ലും. ഈ ആഘോഷം നടത്തുന്ന ഉപദേഷ്ടാവ് അവരുടെ മുന്നിൽ നില്ക്കും. അദ്ദേഹം ഓരോരുത്തരുടെ മേലും കൈ വെയ്ക്കും. അപ്പോൾ രോഗികൾ പുറകോട്ടു മറിയും. ഏതോ അദൃശ്യ ശക്തി അവരിൽ സ്പർശിക്കുന്നു എന്ന പ്രതീതിയുളവാകും. അപ്പോൾ അവരെ താങ്ങി കിടത്തുന്നതിനു ആരെങ്കിലും പുറകിൽ നില്ക്കുന്നുണ്ടാകും. അടുത്ത സമയത്തു ഒരുപദേഷ്ടാവ് ഇത്തരം പ്രകടനം നടത്തുന്നതു ടി.വിയിൽ ഞാൻ കാണുകയുണ്ടായി. ഉപദേഷ്ടാവ് രോഗികളുടെ നിരയിൽ ചെന്നു ഓരോരുത്തരുടെ നേർക്കു കൈ വീശിയപ്പോൾ ഓരോരുത്തരായി പുറകിലേയ്ക്കു മറിയുകയും പിന്നിൽ നിൽക്കുന്നവർ അവരെ താങ്ങി കിടത്തുകയും ചെയ്തു. അദ്ദേഹം അട്ടഹസിക്കുകയും പരിഹസിക്കുകയും "ഞാൻ വെല്ലുവിളിക്കുന്നു!അവരെ എത്തിപ്പിടിക്കുവിൻ" ഒരാൾ ആ രോഗിയെ താങ്ങുമ്പോൾ ഉപദേഷ്ടാവിൽ നിന്നു അദൃശ്യ ശക്തി പകരുന്നു എന്നു തോന്നിപ്പിക്കുന്നു.

പുതിയ നിയമത്തിൽ വിവരിച്ചിരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളുമായി താരതമ്യം ചെയ്യുമ്പോഴാണ് ഇവർ പരിശുദ്ധാത്മാവിനെ അവഹേളിക്കുന്നു എന്നു മനസ്സിലാകുന്നത്. എനിക്കിതു കണ്ടപ്പോൾ ദുഃഖം തോന്നി. അത്തരത്തിലുള്ള പ്രകടനങ്ങൾ ഒന്നും തന്നെ ബൈബിളിൽ ഒരു സ്ഥലത്തും നാം വായിക്കുന്നില്ല. ദൈവ

സാന്നിദ്ധ്യവും ശക്തിയും ആളുകൾ തിരിച്ചറിയുമ്പോഴെല്ലാം ഉണ്ടായ പ്രതികരണം ഭയങ്കരവും ഭയാനകവുമായിരുന്നു. പരിശുദ്ധാ ത്മാവിനാൽ ആരെയും തള്ളിയിടുന്നതോ ആരെങ്കിലും ചിരിക്കു കയോ, പരിഹസിക്കുകയോ, അട്ടഹസിക്കുകയോ ചെയ്തിട്ടില്ല. ദൈവ ശക്തിയെ സമൂഹത്തിൽ അപഹാസ്യമാക്കുന്ന രീതികൾ ദൈവ കോപത്തിനിരയാക്കും എന്നതിൽ സംശയമില്ല. ദൈവനാമം ഇവർ നിമിത്തം ദുഷിക്കപ്പെടുകയാണ് ചെയ്യുന്നത്.

പെന്തെകൊസ്തു വിഭാഗക്കാർ ഏറ്റവും അടുത്ത സമയത്ത് അവരുടെ അന്യഭാഷ സംസാരം സ്വർഗ്ഗീയ ഭാഷയാണെന്ന് അവർ അവകാശപ്പെടുകയുണ്ടായി. അതും എവിടെയാണ് ബൈബിളിൽ പറഞ്ഞിരിക്കുന്നത്?. അന്യഭാഷയിൽ സംസാരിക്കുന്നതിനെ അവർ പൂർണ്ണമായും തെറ്റിദ്ധരിച്ചിരിക്കുകയാണ്. അപ്പൊസ്തലന്മാർക്കും അവരുടെ കൈവെപ്പ് ലഭിച്ചവർക്കും മാത്രമെ പഠിച്ചിട്ടില്ലാത്ത അന്യ ഭാഷയിൽ സംസാരിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. അന്നവർ അന്യ ഭാഷയിൽ സംസാരിച്ചിരുന്നപ്പോൾ കൂടിവന്നവർക്കെല്ലാം മനസ്സിലാ യി. ഇതു കേട്ടവരുടെ പ്രതികരണം ശ്രദ്ധിക്കുക: സംസാരിക്കു ന്നവർ എല്ലാവരും ഗലീലക്കാർ അല്ലയോ? പിന്നെ നാം ഓരോരു ത്തൻ ജനിച്ച നമ്മുടെ സ്വന്തഭാഷയിൽ അവർ സംസാരിച്ചു കേൾക്കുന്നതു എങ്ങനെ?. "അന്യഭാഷ" എന്നതു തീർച്ചയായും ഭാഷതന്നെയാണ്. അപ്പൊസ്തലന്മാർ സംസാരിച്ചപ്പോൾ അതു തിരിച്ചറിയാൻ കഴിയാത്ത വെറും ശബ്ദമായിട്ടല്ല ആളുകൾ തിരിച്ച റിഞ്ഞതു. കേൾവിക്കാരുടെ ഭാഷയിലാണ് ആളുകൾ തിരിച്ചറിഞ്ഞ തു. കേൾവിക്കാരുടെ ഭാഷയിലാണ് അവർ സംസാരിച്ചത്. അങ്ങനെ അവർ രക്ഷിക്കപ്പെടേണ്ടതിന്നു അവരെ പഠിപ്പിക്കുവാൻ കഴിഞ്ഞു. അപ്പൊസ്തലന്മാർ നടത്തിയ അന്യഭാഷ സംസാരം ഇന്നില്ല. അതു പ്രത്യേക സമയത്തു പ്രത്യേക ഉദ്ദേശത്തിനുള്ളതായിരുന്നു.

ആധുനിക പെന്തെകൊസ്തുകാർക്കിടയിൽ കാണുന്ന മറ്റൊരു പരിശീലനമാണ് അവർ പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ കൈ വീശുകയും നട്ടംതിരികയും ചെയ്യുക എന്നതു. ഇതു കാണുമ്പോൾ ഇതു മതപരമായ ഒരു ആചാരമായി തോന്നി അവരും ചെയ്തുപോകും. ഇത്തരം പരിശീലനങ്ങൾ ഒന്നും

ബൈബിളിൽ ഇല്ല എന്നു വീണ്ടും പറഞ്ഞുകൊള്ളട്ടെ. അവർ ചെയ്യു ന്നതിന്റെ ഉദ്ദേശം എന്തായിരുന്നാലും എഴുതിയിരിക്കുന്ന വചന ത്തിനു വിപരീതമാണെന്നു തുറന്നു തന്നെ പറഞ്ഞുകൊള്ളട്ടെ.

പരിശുദ്ധാത്മ സ്നാനം ലഭിച്ചതിനാൽ പരിശുദ്ധാത്മാവിന്റെ നടത്തിപ്പുണ്ട് എന്ന് അവകാശപ്പെടുന്ന ആളുകൾ ഇന്നു നമ്മുടെ സമൂഹത്തിലുണ്ട്. പക്ഷേ അവർ പഠിപ്പിക്കയും പരിശീലിക്കയും ചെയ്യുന്ന പലകാര്യങ്ങൾ തിരുവെഴുത്തിന് എതിരാണെന്നു കാണാൻ കഴിയും. പെന്തെകൊസ്തു വിഭാഗത്തിൽ ഉള്ള വ്യത്യ സ്ത ഗ്രൂപ്പുകൾ എല്ലാം പരിശുദ്ധാത്മ സ്നാനം ലഭിച്ചവരാണെന്നു പറയുമ്പോൾ അവർക്കിടയിൽ തന്നെ വിപരീതോപദേശങ്ങളും പരി ശീലനങ്ങളും ഉണ്ടാകുന്നതെന്തുകൊണ്ട്? തങ്ങൾ ശരിയാണെന്നും മറ്റുള്ളവർ തെറ്റാണെന്നും ഒരു കൂട്ടം പറയും. മറ്റുള്ളവരും അതു തന്നെ പറയും. അവർ ഇങ്ങനെ വിഭജിക്കപ്പെട്ടിരിക്കുന്നതും വിപരീ തമായി പഠിപ്പിക്കുന്നതും പരിശീലിക്കുന്നതും ദൈവേഷ്ടമല്ല എന്നതു അവർ മനസിലാക്കണം.

അടുത്തതായി ഇവരാരും ബൈബിളിൽ വായിക്കുന്ന സഭയിൽ അല്ല എന്നു മനസ്സിലാക്കുക. ക്രിസ്തുവുമായോ ക്രിസ്തു വിന്റെ ഉപദേശവുമായോ അവർക്കു ബന്ധമില്ലാത്ത രീതിയിലാണ് അവർ പഠിപ്പിക്കുന്നത്. അവർ പറയുന്നതു, പാപിയുടെ പ്രാർത്ഥന ചൊല്ലൽ ആളുകളെ ആകർഷിക്കുന്നതിനു പലമാറ്റങ്ങളും വരുത്തി പരിശീലിപ്പിക്കുകയാണ് എന്നാണ്. വചന വിരുദ്ധമായ ആരാധനാ ക്രമംഅവർ സ്വീകരിക്കുന്നുണ്ട്. 1.ആരാധനാ സമയത്ത് വാദ്യോപ കരണങ്ങൾ ഉപയോഗിക്കുന്നതു(എഫെസ്യർ5:19). 2 ഇട ദിവസങ്ങളി ൽ പിരിവുകൾ നടത്തും(1കൊരിന്ത്യർ16:2). 3. ഓരോ ആഴ്ചവട്ടത്തി ന്റേയും ഒന്നാം നാളിൽ കർത്തൃമേശയിൽ നിന്നു പങ്കെടുക്കുന്നതി ലും അവർ പരാജയപ്പെടുന്നു(പ്രവൃത്തി20:7). പുതിയ നിയമത്തിലെ ആരാധനയുടെ അഞ്ചു ഘടകങ്ങളിൽ മൂന്നും അവർ ലംഘിക്കുക യാണ് ചെയ്യുന്നത്. എന്നിട്ടും അവർ നേരിട്ടുള്ള ആത്മാവിന്റെ ശക്തി യാൽ നയിക്കപ്പെടുന്നു എന്നവകാശപ്പെടുകയാണ്. പുതിയനിയമം പരിശുദ്ധാത്മ നിയോഗത്താൽ എഴുതപ്പെട്ടതാണ്. അതേ ആത്മാവു

ണ്ട് എന്നു പറയുന്നവർ തങ്ങളുടെ പ്രവൃത്തിയാൽ ആത്മാവിനെ നിഷേധിക്കുകയാണ് ചെയ്യുന്നത്.

പല മത സംഘടനകളും പാപികളുടെ പ്രാർത്ഥന ചൊല്ലുവാൻ പ്രേരിതരായിട്ടുണ്ട്. ക്രിസ്തുവിനെ സ്വീകരിക്കുന്നതിനും രക്ഷ പ്രാപിക്കുന്നതിനും അതൊരു ഉപാധിയായി അവർ എടുക്കുന്നു. തിരുവെഴുത്തിൽ കാണാത്ത പല കാര്യങ്ങളും മതപരമായി ചെയ്യുമ്പോൾ അതു ശരിയാണോ എന്ന് ആളുകൾ ചിന്തിക്കണം. സുവിശേഷം സർവ്വലോകത്തിലും പ്രസംഗിക്കുവാൻ കർത്താവു കല്പിച്ചിരിക്കുന്നതു ആളുകൾ രക്ഷിക്കപ്പെടേണ്ടതിനാണ്. വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും(മർക്കൊസ്16:15–16).

നാം ഇന്നു വിശ്വസിക്കുന്നതിനും അനുസരിക്കുന്നതിനും രക്ഷിക്കപ്പെടുന്നതിനും കർത്താവു പുതിയ നിയമത്തിൽ അരുളിചെയ്തിരിക്കുന്നതു പരിശോധിച്ചു മനസിലാക്കി പ്രവർത്തിക്കണം. അവ നിങ്ങൾ ചെയ്യുമ്പോൾ കർത്താവു നിങ്ങളെ അവന്റെ സഭയോടു ചേർക്കും. പരിശുദ്ധാത്മാവു നിങ്ങളുടെ ഹൃദയത്തിൽ വസിപ്പാൻ നല്കുകയും ചെയ്യും. കർത്താവു രക്തം കൊടുത്തു സമ്പാദിച്ച സഭയുടെ രക്ഷകനാണ് എല്ലാവർക്കും വേണ്ടതു. അവന്റെ കല്പനകൾ ഒക്കെയും പ്രമാണിച്ചാൽ നിത്യജീവൻ ലഭിക്കും എന്നുറപ്പാണ്.

★

## ആരാധനയെക്കുറിച്ചു ബൈബിൾ സംസാരിക്കട്ടെ

### സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കുവിൻ

പഴയനിയമ കാലയളവിലും പുതിയനിയമ കാലയളവിലും ദൈവത്തെ ആരാധിക്കുന്നതിന്റെ പ്രാധാന്യം ദൈവം വ്യക്തമാക്കിയിട്ടുണ്ട്. ദൈവം നമ്മുടെ സൃഷ്ടി കർത്താവും പിതാവുമാണ്. ആ പിതാവിനെ ആരാധിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. ദൈവം അരുളിച്ചെയ്ത രീതിയിൽ വേണം ദൈവത്തെ ആരാധിക്കുവാൻ. അല്ലെങ്കിൽ ദൈവം അതു സ്വീകരിക്കുകയില്ല. പിതാക്കന്മാരുടെ കാലയളവിൽ ദൈവത്തെ അറിഞ്ഞു അവനെ അനുസരിച്ചവരും

അല്ലാത്തവരും ഉണ്ടായിരുന്നു. അനുസരണമാണ് മനുഷ്യനിൽ അവൻ പ്രതീക്ഷിക്കുന്നത്. ദൈവത്തെ കോപിപ്പിച്ചാൽ നാം ശിക്ഷിക്കപ്പെടും. ശിക്ഷ ഒഴിവാക്കുവാൻ നാം അവനെ സന്തോഷിപ്പിക്കണം.

മൂന്നു വിധത്തിലുള്ള ആരാധനയെ പറ്റി പുതിയ നിയമത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ആദ്യത്തേതു അറിവില്ലാത്ത ആരാധനയാണ്. വിഗ്രഹങ്ങളുടെ മുൻപിൽ പോയി വണങ്ങിയിരുന്ന ആളുകൾ പണ്ടുണ്ടായിരുന്നു. ഇന്നും അനവധി ആളുകൾ ബിംബങ്ങളെ വണങ്ങുന്നവരുണ്ട്. അപ്പൊസ്തലനായ പൗലോസ് അരയോപഗ മദ്ധ്യേ നിന്നുകൊണ്ടു പറഞ്ഞതു അഥേന പുരുഷന്മാരേ, നിങ്ങൾ എല്ലാത്തിലും അതി ഭക്തന്മാർ എന്നു ഞാൻ കാണുന്നു. ഞാൻ ചുറ്റി നടന്നു നിങ്ങളുടെ പൂജാസ്ഥാനങ്ങളെ നോക്കുമ്പോൾ "അജ്ഞാത" ദേവനു എന്നെഴുത്തുള്ള ഒരു വേദിക്കല്ലു കണ്ടു.അവൻ അങ്ങനെ അവരോടു ജീവനുള്ള ദൈവത്തെ അറിഞ്ഞു ആരാധിക്കുവാൻ അവരെ പ്രബോധിപ്പിക്കുകയാണ്.

രണ്ടാമത്തേതു വ്യർത്ഥമായ ആരാധനയാണ്. അതായതു വെറുതെ ആരാധിക്കൽ. അനവധി ആളുകൾ മനുഷ്യരുടെ ഉപദേശ പ്രകാരം ദൈവത്തെ ആരാധിക്കുന്നുണ്ട്. "മനുഷ്യ കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് ദൈവം അവരെ മാനിക്കുന്നില്ല. ധാരാളം അനാചാരങ്ങളും ദുരാചാരങ്ങളും ദൈവത്തെ ആരാധിക്കുവാൻ മനുഷ്യർ എടുക്കുന്നുണ്ട്. ദൈവം പറയുന്നതു അതെല്ലാം വ്യർത്ഥമാണ് എന്നാണ്".

മൂന്നാമത്തേതു സത്യാരാധനയാണ്. "ദൈവം ആത്മാവാകുന്നു, അവനെ നമസ്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം" (യോഹന്നാൻ 4:24). നമ്മുടെ ആരാധന ദൈവത്തെ മാത്രമായിരിക്കണം (മത്തായി 4:10). ദൈവം ആരെയും നിർബ്ബന്ധിച്ച് ഒന്നും ചെയ്യിക്കുന്നില്ല. നാം ഓരോരുത്തരും തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ദൈവത്തെ ആരാധിക്കുന്നതു നാം തിരഞ്ഞെടുത്താൽ, ആ നമസ്കാരം സത്യത്തിലും ആത്മാവിലും ആയിരിക്കണം. എന്താണതിന്റെ അർത്ഥം? നാം ചെയ്യുന്നതു ശരിയായി മനസ്സിലാക്കിക്കൊണ്ടായിരിക്കണം. ആത്മാർത്ഥതയോടുകൂടെ പുതിയനിയമം അനുസരിച്ചാണ് നാം ആരാധിക്കേണ്ടതു. കാരണം

ഇന്നു നിലവിലുള്ള നിയമം പുതിയനിയമമാണ്. ഈ വചനമാണ് സത്യം(യോഹന്നാൻ17:17). ഈ ഏക ആരാധനയാണ് സത്യാരാധന. ഇതു മാത്രമാണ് ദൈവം ആഗ്രഹിക്കുന്നതും. ചുരുങ്ങിയതു അഞ്ചു കാര്യങ്ങൾ പുതിയനിയമാരാധനയിൽ ഉൾപ്പെടുന്നുണ്ട്.

1. ദൈവ വചനം പഠിക്കുവാൻ കൂടി വരുന്നു. പൗലോസ് സഭയോടു പ്രസംഗിക്കുന്നതായി നാം പ്രവൃത്തി 20:7 -ൽ വായിക്കുന്നുണ്ട്. നാം വചനത്തെ പരിശോധിക്കണമെന്നു ക്രിസ്തു നമ്മെ പഠിപ്പിച്ചിട്ടുണ്ട്(യോഹന്നാൻ 5:39).സത്യ വചനത്തെ യഥാർത്ഥമായി പ്രസംഗിക്ക എന്നു പൗലോസ് തിമൊഥെയോസിനോടു പറയുന്നുണ്ട്. യഥാർത്ഥമായി ബൈബിൾ പഠനം കൂടാതെയുള്ള ആരാധന നമുക്കു ഊഹിക്കാനേ പ്രയാസം. കാരണം ദൈവ സന്നിധിയിൽ അവന്റെ വഴിയാണ് ശരിയായ വഴി. അതുകൊണ്ടു ഉപദേശവും പ്രസംഗവും വേണം. അതു വചനവുമായിരിക്കണം.

2. ദൈവത്തോടു പ്രാർത്ഥിക്കുവാൻ കൂടി വരുന്നു. "ആദ്യ ക്രിസ്ത്യാനികൾ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടു കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു" (പ്രവൃത്തി 2:42). ഇടവിടാതെ പ്രാർത്ഥിപ്പിൻ എന്നു അപ്പൊസ്തലന്മാർ പറഞ്ഞിട്ടുണ്ട്(1തെസലൊനിക്യർ 5:17). യേശുക്രിസ്തുവും പഠിപ്പിച്ചതു പുരുഷന്മാർ എല്ലായിടത്തും പ്രാർത്ഥിക്കുവാനാണ്(ലൂക്കൊസ്18:1). ദൈവം നമുക്കു വരച്ചു കാണിച്ചിരിക്കുന്ന ആരാധനാ ചിത്രമിതാണ്. അതുകൊണ്ടു പ്രാർത്ഥനയില്ലാത്ത ആരാധന നമുക്കു ഓർക്കാൻ പോലും സാദ്ധ്യമല്ല. പ്രാർത്ഥന നാം ദൈവത്തോടു സംസാരിക്കുന്നതാണ്. എപ്പോഴും നാം ആരാധനയിൽ ദൈവത്തോടു ആശയ വിനിമയം നടത്തണം.

3. ദൈവത്തെ പാടി സ്തുതിക്കുവാൻ കൂടി വരുന്നു. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ കൂടി വന്നു പാട്ടു പാടി ദൈവത്തെ സ്തുതിച്ചിരുന്നു. അനേക വാക്യങ്ങൾ ഇതിനു തെളിവായി നമുക്കെടുക്കുവാൻ കഴിയും. പക്ഷേ നമ്മുടെ പരിഗണനയ്ക്കായി താഴെ കൊടുത്തിരിക്കുന്നതു നോക്കുക. "സങ്കീർത്തനങ്ങളാലും സ്തുതികളാലും, ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും ഇരിപ്പിൻ" (എഫെസ്യർ5:19). കൊലൊസ്യർ 3:16 കൂടെ പരിഗണിക്കുക. അധരം

കൊണ്ടു ഹൃദയത്തിൽ നിന്നു പുറപ്പെടുന്ന പാട്ടുകൾ ഉണ്ട്. പുതിയ നിയമത്തിൽ ഒരിടത്തും വാദ്യോപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പാട്ട് പാടുന്നതായിട്ടില്ല. അധര ഫലമാണ് ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നത്. നാം നമ്മെ തൃപ്തിപ്പെടുത്തി ആരാധിക്കാതെ ദൈവത്തെ പ്രസാദിപ്പിച്ചു ആരാധിക്കുക. ദൈവത്തിനാണ് നാം മഹത്വം കൊടുക്കേണ്ടത്.

4. അപ്പം നുറുക്കുവാൻ (കർത്തൃമേശ) കൂടി വരുന്നു. മത്തായി 26:26–28 വരെയുള്ള വേദഭാഗങ്ങളിൽ കർത്താവു കർത്തൃമേശ സ്ഥാപിക്കയുണ്ടായി. അവന്റെ ശരീരത്തിലായവർ അവന്റെ ശരീരത്തെ പ്രതിനിധാനം ചെയ്യുന്ന മുന്തിരി വള്ളിയുടെ അനുഭവം പങ്കിടും (പ്രവൃത്തി 20:7). ക്രിസ്ത്യാനികളായി തീർന്നവർ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ സഭായോഗം മുടക്കരുത് എന്നു ദൈവം തിരുവെഴുത്തിൽ മുന്നറിയിച്ചിട്ടുണ്ട്.

5. തങ്ങൾചരതിച്ചു വെച്ചതു കൂടി വരുമ്പോൾ നല്കണം. വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖരം നാം നടത്തേണ്ടതു ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലാണ്. "ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ തോറും ശേഖരം ഉണ്ടാകേണ്ടതിന് ഓരോരുത്തൻ താന്താന്റെ കഴിവനുസരിച്ച് ചരതിച്ചു വെക്കണം" (1 കൊരിന്ത്യർ 16:1–2). പഴയ നിയമത്തിൽ നിശ്ചിത സംഖ്യ(പത്തിലൊന്ന്)പറഞ്ഞിരുന്നു. പക്ഷേ പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്നതു ഓരോരുത്തൻ അവനവന്റെ ഹൃദയത്തിൽ നിശ്ചയിച്ചതനുസരിച്ചു നല്കുകയാണ് വേണ്ടത്. പ്രാപ്തി പോലെയും പ്രാപ്തിക്കു മീതെയും കൊടുത്ത മാതൃക ബൈബിളിൽ നമുക്കു കാണിച്ചു തന്നിട്ടുണ്ട്.

ഇതാണ് തിരുവെഴുത്തു നമ്മെ പഠിപ്പിക്കുന്നതു. ബൈബിൾ പ്രകാരമോ നിങ്ങൾ ദൈവത്തെ ആരാധിക്കുന്നതു ? അല്ലെങ്കിൽ ദയവായി ബൈബിൾ പഠിക്കുവാൻ ഞങ്ങളുമായി ബന്ധപ്പെടുക. ബൈബിൾ പഠിപ്പിക്കുവാൻ ഞങ്ങൾക്കു സന്തോഷമേ ഉള്ളൂ.

★

# ബൈബിൾ എന്തു പഠിപ്പിക്കുന്നു?

## സണ്ണി ഡേവിഡ്

"സ്നാനമോ ഇപ്പോൾ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെ രക്ഷിക്കുന്നു. മുൻകുറി" എന്ന വാക്ക് അപ്പൊസ്തലനായ പത്രൊസ് 1 പത്രൊസ് 3:21-ൽ പറയുന്നുണ്ട്. നോഹയുടെ കാലത്തു 8പേർ ജലപ്രളയത്തിൽ നിന്നു രക്ഷപ്രാപിച്ചു. അവർ പെട്ടകത്തിലായിരുന്നപ്പോൾ അവർക്കു ചുറ്റും വെള്ളമായിരുന്നു. അതു പറഞ്ഞശേഷം 21-ാം വാക്യത്തിൽ ഇന്നു ആളുകൾ എങ്ങനെ പാപത്തിൽ നിന്നു രക്ഷ പ്രാപിക്കുന്നുവെന്നു പറയുന്നു. സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കുകളയുന്നതായിട്ടല്ല ദൈവത്തോടുള്ള നല്ല മനഃസാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ എന്നു പറയുന്നു. സ്നാനത്തിന്റെ പ്രാധാന്യത്തെ കുറച്ചുകാണുന്ന ആളുകൾ ഉണ്ട്.

മനുഷ്യന്റെ പാപത്തിൽ നിന്നു അവനെ രക്ഷിക്കുന്നതും സ്നാനവുമായി ബന്ധമില്ലെന്നു ആരാണ് പറയുന്നത്? പ്രിയ വായനക്കാരാ, ബൈബിൾ വളരെ വ്യക്തമായി പറയുന്നു സ്നാനം നമ്മെ രക്ഷിക്കുന്നു എന്ന്. ക്രിസ്തു പഠിപ്പിച്ചതു, വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നാണ് (മർക്കൊസ് 16:16). പാപമോചനമാണല്ലോ രക്ഷ എന്നതു. പ്രവൃത്തി 2:38 പറയുന്നു. സ്നാനം പാപങ്ങളുടെ മോചനത്തിനാണ് എന്ന്.

### എന്താണ് സ്നാനം?

സ്നാനം എന്നതു ക്രിസ്തു കല്പിച്ചിട്ടുള്ളതും എല്ലാവരും അനുസരിക്കേണ്ടതുമാണ്. അതു വിശ്വസിച്ചശേഷം പാപങ്ങളിൽ നിന്നു വിട്ടു തിരിഞ്ഞശേഷം എടുക്കേണ്ടതാണ്. തന്റെ ശിഷ്യന്മാരോടു ക്രിസ്തു കല്പിച്ചതു എല്ലായിടത്തും പോയി സുവിശേഷം പ്രസംഗിപ്പിൻ എന്നാണ്. അതായതു ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയാണ് അറിയിക്കേണ്ടതു എന്നർത്ഥം (1 കൊരിന്ത്യർ 15:1-4). പാപികളുടെ പാപങ്ങൾക്കു തക്കതായ ശിക്ഷ കൊടുക്കാതെ ഇളവുകൊടുക്കുവാൻ കർത്താവു യാഗമായി തീർന്നു, ക്രിസ്തുവിന്റെ യാഗത്തോടു ബന്ധപ്പെടുന്ന കല്പനയാണ് സ്നാനം. പാപസംബന്ധമായ ജഡത്തെ ഒരാൾ മരിപ്പിക്കയും വെള്ളമാകുന്ന കല്ലറയിൽ പാപത്തെ അടക്കി കളയുകയും വേണം. അങ്ങനെ

വെള്ളത്തിൽ നിന്നും കയറി വരുന്ന ആൾ ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനാണ് അങ്ങനെ ചെയ്യുന്നതു (റോമർ 6:3-4).

## ആരാണ് സ്നാനം ഏല്ക്കേണ്ടത്?

ശിശുക്കൾക്കോ കുട്ടികൾക്കോ ഉള്ളതല്ല സ്നാനം വിശ്വസിക്കാൻ കഴിയുന്നവർക്കാണ് (മർക്കൊസ് 16:16). മാനസാന്തരപ്പെടുവാൻ കഴിയുന്നവർക്കാണ് (പ്രവൃത്തി 2:38). തെറ്റുകളെ വിട്ടു കളഞ്ഞവരായിരിക്കണം. പാപത്തിൽ മരിച്ചവർക്കാണ് സ്നാനം വെച്ചിരിക്കുന്നത്. സ്നാനം കർത്താവിന്റെ കല്പനയാണെന്നും അതു രക്ഷക്കു ആവശ്യമാണെന്നും മനസിലാക്കിയവർക്കാണ് സ്നാനം ആവശ്യം.

## എങ്ങനെയാണ് സ്നാനം ഏല്ക്കേണ്ടതു?

"ബാപ്റ്റിസോ" എന്ന ഗ്രീക്കു വാക്കിന്റെ അർത്ഥം മുങ്ങൽ അഥവാ നിമഞ്ജനം എന്നാണ്. സ്നാനം വെള്ളത്തിലൂള്ള അടക്കമാണ് (കൊലൊസ്യർ 2:12). ക്രിസ്തുവിന്റെ മരണത്തിലും അടക്കത്തിലും ഉയിർപ്പിലും പങ്കുകാരാകണം. വെള്ളം കോരി ഒഴിച്ചും തളിച്ചും സ്നാനം കൊടുക്കുന്ന സമ്പ്രദായം നാമധേയ വിഭാഗങ്ങളിൽ നിലവിലുണ്ട്. പക്ഷേ ബൈബിളിൽ അതന്യമാണ്. ബൈബിളിലുള്ളതു ഒരേ ഒരു സ്നാനം പുനർജനന സ്നാനമാണ്. അതു യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയിൽ പങ്കു ചേരുന്ന ഒന്നായിരിക്കണം. തിരുവെഴുത്തിൽ സ്നാനം എങ്ങനെ ഏല്ക്കണം എന്നു പറഞ്ഞിട്ടുള്ളതുകൊണ്ട് നാം വിഷമിക്കേണ്ട ആവശ്യമില്ല. മനുഷ്യരെയല്ല നാം ദൈവത്തെയാണ് അനുസരിക്കേണ്ടതു. ക്രിസ്തുവിനോടു ചേരുവാൻ ഉള്ള സ്നാനം ദൈവിക മാതൃക പ്രകാരം ആണ്. ദൈവിക മാതൃക മാറ്റുവാൻ മനുഷ്യർക്കു ദൈവം അധികാരം കൊടുത്തിട്ടില്ല.

## എവിടെയാണ് ഒരാൾ സ്നാനം ഏല്ക്കേണ്ടതു?

നദിയിലോ, കുളത്തിലോ, കടലിലാണോ, പുഴയിലാണോ സ്നാനമേല്ക്കേണ്ടത്? ചില ആളുകൾക്കു ഇതിനെക്കുറിച്ച് സംശയമുണ്ട്. അതിനു നാം തിരുവെഴുത്തിലേക്കു നോക്കണം. ബൈബിളിൽ പരിവർത്തന ചരിത്രം രേഖപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികളുടെ പുസ്തകം പരിശോധിച്ചാൽ നമുക്കു സത്യം വ്യക്തമാകും. പ്രവൃത്തികൾ 8-ാം അദ്ധ്യായത്തിൽ ഷണ്ഡൻ സ്നാനമേറ്റപ്പോൾ

ഫിലിപ്പൊസും ഷണ്ഡനും ഇരുവരും വെള്ളത്തിലിറങ്ങി. വെള്ളമുള്ളോരു സ്ഥലത്തെത്തിയപ്പോൾ ആണ് ഷണ്ഡൻ സ്നാനപ്പെട്ടുവാൻ ആഗ്രഹം പ്രകടിപ്പിച്ചത്. ഫിലിപ്പൊസ് ഷണ്ഡനെ സ്നാനപ്പെടുത്തി. അതിനുശേഷം ഇരുവരും വെള്ളത്തിൽ നിന്നു കയറി (പ്രവൃത്തി 8:38–39). അവർക്കു ഇറങ്ങുവാനും കയറുവാനും ഉള്ള വെള്ളം ഉണ്ടായിരുന്ന സ്ഥലത്താണ് ഷണ്ഡൻ സ്നാനമേറ്റത്. സ്ഥലത്തിനല്ല പ്രത്യേകത, മതിയായത്ര വെള്ളം വേണമെന്നു മാത്രം. അതു മരുഭൂമിയിലാകാം, കാട്ടിലാകാം, വയലിലാകാം. എവിടെയുമാകാം.

## എപ്പോഴാണ് ഒരാൾ സ്നാനം ഏല്ക്കേണ്ടതു?

ഒരാൾക്കു താൻ പാപിയാണെന്നു ബോധ്യമാകുകയും കർത്താവിന്റെ കല്പന വിശ്വസിച്ച് മാനസാന്തരപ്പെടുകയും ചെയ്യുമ്പോഴാണ് അയാൾ സ്നാനമേല്ക്കേണ്ടതു. ക്രിസ്തുവിന്റെ വചനം കേട്ടിട്ടുവേണം വിശ്വസിക്കുവാൻ എന്നതും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഫിലിപ്പൊസിൽ കൂടെ സുവിശേഷം കേട്ട സ്ത്രീപുരുഷന്മാർ വിശ്വസിച്ചു സ്നാനമേറ്റു (പ്രവൃത്തി 8:12). കാരാഗൃഹപ്രമാണി രാത്രിയിലാണ് സ്നാനമേറ്റത് സ്നാനത്തിന്നു പകൽ എന്നോ രാത്രിയെന്നോ ഭേദമില്ല. ഒരാൾക്കു എപ്പോഴാണ് തിരുവെഴുത്തനുസരിച്ചു സ്നാനപ്പെടണമെന്നു തോന്നുന്നതു അപ്പോൾ ഏല്ക്കാം. പക്ഷേ താമസിപ്പിക്കുന്നതു അപകടമാണ്. കാരണം നമ്മുടെ ആയുസ് ദൈവത്തിന്റേതാണ്. സ്നാനമേല്ക്കുവാൻ പ്രത്യേക ദിവസത്തിനു വേണ്ടി കാത്തിരിക്കുന്ന രീതി ബൈബിളിൽ ഇല്ല. സ്നാനം എന്നതു ഒരു ചടങ്ങായിട്ടു എടുക്കേണ്ടതല്ല. മറിച്ചു നമുക്കു പാപമോചനം വേണമെന്നു എപ്പോൾ തോന്നുന്നുവോ അപ്പോൾ എടുക്കണം.

## ഒരാൾ എന്തുകൊണ്ടു സ്നാനം ഏല്ക്കണം?

ദൈവരാജ്യം അഥവാ സഭയിലേക്കു പ്രവേശിക്കുന്നതിനു ഏതൊരാളും വെള്ളത്താലും ആത്മാവിനാലും ജനിക്കണം (യോഹന്നാൻ 3:3–5). സ്നാനമേറ്റില്ലെങ്കിൽ രക്ഷപ്രാപിക്കയോ ക്രിസ്തുവിനോടു ചേരുകയോ ചെയ്യുന്നില്ല. ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കാത്തവരെ കർത്താവുരക്ഷിക്കയില്ല. രക്ഷിക്കപ്പെടുന്നവരെയാണ് കർത്താവു സഭയോടു ചേർക്കുന്നതു (പ്രവൃത്തി 2:47).

ദൈവത്തെ പ്രസാദിപ്പിക്കുവാനും നിത്യജീവനു ഓഹരിക്കാരാകുവാനും കർത്താവിന്റെ രക്ഷാപദ്ധതി കൈക്കൊള്ളണം.

## ആരാണ് സ്നാനപ്പെടുത്തേണ്ടതു?

കർത്താവു തന്റെ ശിഷ്യന്മാരെയാണ് അതു ഭരമേല്പിച്ചതു. അപ്പൊസ്തലന്മാർ പഠിപ്പിച്ച വ്യക്തികളോടു സന്ദേശം വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്കുവാനും ആവശ്യപ്പെടുന്നു. പുതിയ നിയമം കർത്താവിന്റെ രക്ഷാ വഴിയാണ്. അതു സ്വീകരിക്കുന്നവർ, സത്യമറിയാത്തവരെ പഠിപ്പിക്കയും സ്നാനപ്പെടുത്തുകയും ചെയ്യണം. സ്നാന ശുശ്രൂഷ നടത്തുവാൻ പ്രത്യേകം വേർതിരിക്കപ്പെട്ടവർ വേണമെന്ന വിശ്വാസം ബൈബിൾ അനുസരിച്ചുള്ളതല്ല. പാപങ്ങൾ മോചിക്കപ്പെടേണ്ടതിനുള്ള ശരിയായ സ്നാനമാണ് ഒരാൾ ഏല്ക്കേണ്ടതു എന്നു മാത്രം.

പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ആണ് സ്നാനമേല്ക്കേണ്ടതു (മത്തായി 28:19–20). ദൈവിക അധികാരപ്രകാരമായിരിക്കണം സ്നാനം എന്നർത്ഥം(മത്തായി 3:13–17). നിങ്ങൾ ഏറ്റ സ്നാനത്തെ തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നരീതിയിലോ അല്ലയോ എന്നു ശോധന കഴിക്കുക. സ്നാനമേല്ക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ സഭയുമായി ബന്ധപ്പെടുക.

★

## യേശുവിന്റെ കരുതൽ

ജെസ്റ്റൻ. റ്റോം

ദൈവവും മനുഷ്യരും തമ്മിൽ സംഭവിച്ച വേർപാട് ഇല്ലാതാക്കാൻ ഭൂമിയിൽ മനുഷ്യനായി വന്ന യേശുക്രിസ്തുവിന്റെ മനോഭാവം നമുക്ക് ഏവർക്കും ഉപകാരപ്രദമാകുന്നുണ്ട്. പഴയ നിയമ കാലയളവിലും പുതിയനിയമ കാലയളവിലും ദൈവത്തിനു നമ്മെ ഓരോരുത്തരേയും കുറിച്ചു സ്നേഹവും കരുതലും ഉണ്ട്. അതു നാം മനസിലാക്കിയാലും ഇല്ലെങ്കിലും സത്യമാണ്. ദൈവം യിസ്രായേൽ ജനത്തോടു പറഞ്ഞതു ഞാനല്ലാതെ ഒരു രക്ഷിതാവു ഇല്ല

ല്ലോ. ഞാൻ മരുഭൂമിയിൽ ഏറ്റവും വരണ്ട ദേശത്തു തന്നേ നിന്നെ മേയിച്ചു. അവർക്കു മേച്ചൽ ഉള്ളതുപോലെ അവർ മേഞ്ഞു തൃപ്തരായപ്പോൾ അവരുടെ ഹൃദയം ഉയർന്നു; അതുകൊണ്ടു അവർ എന്നെ മറന്നു കളഞ്ഞു (ഹോശേയ 13:5-6).

നിസാരമായ കാര്യങ്ങളെ ശ്രദ്ധിച്ചാൽ ദൈവത്തിന്റെ കരുതൽ വ്യക്തമാകും. ആകാശത്തിലെ പറവകളെ നോക്കുക. അവയ്ക്കു ആഹാരം എവിടെ നിന്നു? അവയുടെ പ്രാഥമികാവശ്യങ്ങൾ എല്ലാം പ്രകൃതിയിൽ ദൈവം ഒരുക്കിയിരിക്കുന്നു. വന്യമൃഗങ്ങളെ നോക്കുക. അവയുടെ നിലനില്പിന് ആവശ്യമായതെല്ലാം ദൈവം വളരുമാറാക്കി. വയലിലെ സസ്യങ്ങൾ എങ്ങനെ വളരുന്നു എന്നാലോചിച്ചു നോക്കുക (മത്തായി 6:26). ആളുകളെ കുറിച്ചു ആളുകൾക്കുള്ളതിനേക്കാൾ കരുതൽ ദൈവത്തിനുണ്ട്. അത്യാഗ്രഹമോ ദ്രവ്യാഗ്രഹമോ ഇല്ലാതിരുന്നാൽ ദൈവം നമ്മെ ഒരുനാളും ഉപേക്ഷിക്കയില്ല, കൈവിടുകയില്ല (എബ്രായർ 13:5). പുതിയ നിയമകാലയളവിൽ ജീവിക്കുന്ന നാം ഭാഗ്യവാന്മാരാണ്. കാരണം, ദൈവം നമുക്കു ഏറ്റവും നല്ലതു മുൻ കരുതിയിരുന്നു.

മനുഷ്യരുടെ അറിവിന്റെ അപര്യാപ്തത നീക്കം ചെയ്യുവാൻ കർത്താവു സദാ പ്രവൃത്തിച്ചിരുന്നു. ഉദാഹരണമായി യേശു യാത്ര ചെയ്തു ഒരു കിണറ്റിനരികിൽ എത്തിയപ്പോൾ ഒരു സ്ത്രീയെ കണ്ടുമുട്ടി. അവളോടു സംഭാഷണം നടത്തി സത്യം ബോധ്യപ്പെടുത്തി കൊടുത്തു. മനുഷ്യരിൽ നിന്നുള്ള അറിവിനേക്കാൾ ദൈവത്തിൽ നിന്നു കിട്ടുന്ന അറിവാണ് ആവശ്യം എന്നു അവൾക്കു തെളിയിച്ചു കൊടുത്തു (യാക്കൊബ് 4:7). എന്റെ ജനം പരിജ്ഞാനമില്ലാതെ നശിച്ചു പോകുന്നു എന്നാണ് പഴയ നിയമത്തിൽ ദൈവം അരുളി ചെയ്തത്. പുതിയ നിയമ കാലയളവിൽ എല്ലാവരും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാൻ ദൈവം ആഗ്രഹിക്കുന്നു (1 തിമൊഥെയൊസ് 2:4). ആത്മീയ ദാഹശമനിയായ ജീവജലം യേശു ക്രിസ്തു തരുമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട് (യോഹന്നാൻ 4:10). സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നു കർത്താവു പറഞ്ഞു.

ഇന്നു സമൂഹത്തിൽ ഇല്ലാതെ വരുന്ന ഒന്നാണ് ധാർമ്മികത. അധാർമ്മികത കൊടികുത്തി വാഴുകയും ചെയ്യുന്നു. മാനഭംഗവും, ഉപേക്ഷണവും, പീഡനവും വർദ്ധിച്ചു വരികയാണ്. യേശുക്രിസ്തു കണ്ട സ്ത്രീയോടു "നിന്റെ ഭർത്താവിനെ വിളിച്ചു കൊണ്ടു വരിക" എന്നു പറഞ്ഞു. എനിക്കു ഭർത്താവില്ല എന്നവൾ പറഞ്ഞു. ദൈവം പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചു ഏദെൻ തോട്ടത്തിലാക്കിയപ്പോൾ തന്നെ കുടുംബ ജീവിതത്തിന്റെ അടിസ്ഥാനം എന്തെന്നു പഠിപ്പിച്ചിരുന്നു. ദൈവനിയമം പ്രമാണിക്കുകയാണ് സ്ത്രീയായാലും പുരുഷനായാലും വേണ്ടത്. അതു പാലിക്കാതെ വരുമ്പോൾ പ്രശ്നമാകും. മനുഷ്യർ ചെയ്യുന്നതൊക്കെയും അറിയുന്നവനാണ് കർത്താവ് (യോഹന്നാൻ 4:29). നിയമലംഘനം നടത്തി ജീവിക്കുന്ന ഏവരേയും കർത്താവ് അറിയുന്നുണ്ട്. എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ദീർഘക്ഷമയോടെ കാത്തിരിക്കയാണ്.

ആരാധനയെ കുറിച്ചും കർത്താവു കരുതലുള്ളവനാണ്. ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്കരിക്കണം (യോഹന്നാൻ 4:24). മനുഷ്യകല്പനകൾ പഠിപ്പിക്കുന്നവരുണ്ട്. മനുഷ്യരുടെ പാരമ്പര്യപ്രകാരം ദൈവത്തെ ആരാധിക്കുന്നവരുണ്ട്. അവരുടെ ആരാധന ദൈവം സ്വീകരിക്കയില്ല. അതു വെറുതെ ചെയ്യുന്നതാണെന്നു അവൻ അരുളിച്ചെയ്തിട്ടുണ്ട്. വിഗ്രഹങ്ങളെ വണങ്ങുന്നവരുണ്ട്. ചലനശേഷിയില്ലാത്ത, ജീവനില്ലാത്ത ഊമ വിഗ്രഹങ്ങളുടെ മുൻപിൽ പോയി നമസ്കരിക്കുന്നത് ദൈവത്തെ തുച്ഛീകരിക്കുന്നതിനു തുല്യമാണ്. ഞാനല്ലാതെ അന്യദൈവങ്ങൾ നിങ്ങൾക്കുണ്ടാകരുത്. ഭൂമിയിൽ യാതൊന്നിന്റെയും വിഗ്രഹം ഉണ്ടാക്കരുത്. അവയെ സേവിക്കയോ ചെയ്യരുത് എന്നു ദൈവം കല്പിച്ചിട്ടുണ്ട്. സത്യസന്ധവും ആത്മാർത്ഥവുമായിരിക്കണം ആരാധന. ദൈവമായ കർത്താവിനെ അല്ലാതെ മറ്റൊന്നിനേയും ആരാധിക്കരുത് (മത്തായി 4:10). ദൈവം സ്വീകരിക്കുന്ന ഒരേ ഒരു ആരാധനയാണ് നാം ദൈവത്തിനു സമർപ്പിക്കേണ്ടത്.

ദൈവേഷ്ടത്തെ കുറിച്ചും കരുതലുള്ളവനാണ് കർത്താവ്. കർത്താവേ, കർത്താവേ എന്നു വിളിക്കുന്ന ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് എന്നാണ് അവൻ പറഞ്ഞതു (മത്തായി 7:21). മാത്രമല്ല യേശു

ഈ ഭൂമിയിൽ വന്നതിന്റെ ഉദ്ദേശം, ദൈവേഷ്ടം നിറവേറ്റുക എന്നതായിരുന്നു. എന്നെ അയച്ചവന്റെ ഇഷ്ടം തികക്കുകയത്രേ എന്റെ ആഹാരം എന്നു അവൻ വ്യക്തമാക്കുകയുണ്ടായി (യോഹന്നാൻ 4:32, 34). യേശുവിന്റെ ഈ ലോകജീവിതമെല്ലാം പിതാവിന്റെ ഇഷ്ടപ്രകാരമാണ് നയിച്ചത്. അവസാനത്തെ അവന്റെ പ്രാർത്ഥനയിൽ പോലും ആവശ്യപ്പെടുന്നതു "പിതാവേ, എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം പോലെ ആകട്ടെ" എന്നാണ്(ലൂക്കോസ്22:42). നമ്മുടെ പ്രാർത്ഥനയും ദൈവേഷ്ടപ്രകാരം ആയിരിക്കണം. നമ്മുടെ വിശ്വാസവും, ആരാധനയും പരിശീലനവും ദൈവേഷ്ട പ്രകാരമായിരിക്കണം.

നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കളെകുറിച്ചു കരുതലുള്ളവനാണ് കർത്താവ്. ഇടയനില്ലാത്ത ആടുകളെ പോലെ ആത്മാക്കൾ ചിതറിപോയിരിക്കുന്നതു കണ്ടു അവൻ മനസലിഞ്ഞു. ഓരോ ഉപമകളിലൂടെ യേശു അതു വ്യക്തമാക്കി. ഒരാൾക്കു നൂറ് ആടുള്ളപ്പോൾ ഒന്നു കാണാതെ പോയാൽ തൊണ്ണൂറ്റൊമ്പതിനേയും വിട്ടിട്ടു കാണാതെ പോയതിനെ തിരെയും. കണ്ടു കിട്ടിയാൽ സന്തോഷിക്കും. മനുഷ്യപുത്രൻ കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനത്രേ വന്നത് (ലൂക്കൊസ് 19:10). ജഡിക ശരീരത്തെക്കാൾ അവൻ നമ്മുടെ ആത്മാക്കളെയാണ് കരുതുന്നത്. കാരണം ആത്മാവ് അനശ്വരമാണ്. ആത്മാവിന്റെ പ്രാധാന്യം കർത്താവ് നമ്മെ പഠിപ്പിക്കുന്നുണ്ട്(മത്താ യി16:26). ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനു ഒരു പ്രയോജനവുമില്ല(മത്തായി 16:26).

നിങ്ങൾക്കു കർത്താവിന്റെ സ്നേഹവും കരുതലും ലഭിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ദൈവവചനവുമായി ബന്ധപ്പെടുക. കർത്താവു കല്പിച്ചിട്ടുള്ള കല്പനകളെ വിശ്വസിച്ചു അനുസരിക്കുക. സർവ്വ മനുഷ്യരേയും അവൻ സ്നേഹിക്കുന്നു എന്നതു വലിയ കാര്യമല്ലേ? നമ്മിൽ ആരും നഷ്ടപ്പെട്ടു പോകരുതെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവത്തിന്റെ രക്ഷ നിങ്ങൾ അഗണ്യമായി വിചാരിക്കാതെ സ്വീകരിക്കുക, അനുഗ്രഹം പ്രാപിക്കുക.

★

സ്ത്രീകൾക്കു വേണ്ടി

# മനോഭാവം

ബെറ്റി ചോട്ട്

നമ്മുടെ ജീവിതത്തെ മാറ്റുന്ന ഒരു ഭാഗത്തെ മുഴുവനായും നിയന്ത്രിക്കുവാൻ നമുക്കു കഴിഞ്ഞാൽ ദിവസങ്ങളേയും വർഷങ്ങളേയും വലിയ തോതിൽ നിയന്ത്രിക്കുവാൻ നമുക്കു കഴിയും. നാം ജീവിതത്തിലെ വ്യത്യസ്തമായ സാഹചര്യങ്ങൾ ആവർത്തിച്ചു ആവർത്തിച്ചു നമ്മുടെ ഹൃദയങ്ങളിൽ ഓർപ്പിക്കുകയും ചെയ്യുന്ന എത്ര വലിയ സത്യമാണിത്! രണ്ടു പേർ വനത്തിലൂടെ നടന്നു പോയ കാര്യം ബ്രൂക്സ് എന്നയാൾ പറയുന്നു. അവർ തിരിച്ചു വന്നപ്പോൾ അവരോടു കണ്ട കാര്യങ്ങളെ കുറിച്ചു ചോദിക്കുകയുണ്ടായി.

ഒരാൾ കോട്ടുവായിട്ടു പറഞ്ഞു; ഞങ്ങൾ കണ്ടതു എന്താണെന്നോ? അധികമൊന്നും കണ്ടില്ല; മരങ്ങൾ, പുൽത്തകിടികൾ, പർവ്വതങ്ങൾ, ചോല വൃക്ഷ നിര, അരുവികൾ എന്നിവയാണെന്നു പറഞ്ഞു.നീലാകാശം, മേഘങ്ങൾ, ഉണങ്ങിയ കുറെ ഇല, രണ്ടാമത്തെയാൾ അതിനോടു കൂട്ടിച്ചേർത്തു.

ക്രിസ്ത്യാനികൾ കാര്യങ്ങളെ വിലയിരുത്തുന്നതു വ്യത്യസ്തമായാണ്. കാരണം ഓരോരുത്തരുടെയും മനോഭാവം വെവ്വേറെയാണ്. ഒരിക്കൽ ഇടവകയിൽ സാധാരണ പാട്ടു നയിക്കുന്നയാൾ മറ്റൊരു സ്ഥലത്തേയ്ക്കു പോയപ്പോൾ പകരം മറ്റൊരാൾ വേണ്ടി വന്നു. ജോർജ്ജ് തന്റെ സഹോദരി മേരിയോടു പറഞ്ഞു "ദയവുചെയ്ത് എന്നെ ശല്യപ്പെടുത്തരുത്. എനിക്കു ഇന്നു സഭയിൽ പാട്ടു നയിക്കേണ്ടതായുണ്ട്. ഞാൻ അതിനുവേണ്ടി ഒരുങ്ങുകയാണ്. എനിക്കറിഞ്ഞു കൂടാ മറ്റാരെയെങ്കിലും അവർക്കു അതിനു കണ്ടെത്താമായിരുന്നില്ലേ" എന്നു അവൻ ആത്മഗതത്തിൽ പിറുപിറുത്തു. ബോബ് എന്ന മറ്റൊരു സഹോദരൻ പറഞ്ഞു, "വരൂ നമുക്കു ആരാധനയ്ക്കു വേണ്ടി പാട്ടു തെരഞ്ഞെടുക്കാം". ടോമിന്റെ അസാന്നിദ്ധ്യത്തിൽ ഞാനാണതു ചെയ്യേണ്ടതെന്നും അയാൾ കൂട്ടി ചേർത്തു.

സൺഡേ സ്കൂൾ കുട്ടികളെ പഠിപ്പിക്കുവാൻ ഒരദ്ധ്യാപകനെ ആവശ്യമുണ്ട്. ബാർബറയോടു പറഞ്ഞപ്പോൾ അവൾക്കു വേറെ ക്ലാസുണ്ടെന്നു പറഞ്ഞതു കേട്ട ജയിൻ സ്വയമായി പറ

ഞ്ഞു, "എനിക്കു കുട്ടികളെ പഠിപ്പിക്കുന്നതു വലിയ ഇഷ്ടമാണ്". അവർ എഴുതുവാനും വായിക്കുവാനും കഴിവുള്ളവരാണല്ലോ. പല രീതിയിൽ അത്തരം കുട്ടികളെ പഠിപ്പിക്കാം. ഉപദേഷ്ടാവു രണ്ടാഴ്ച കാണുകയില്ല. അതു കൊണ്ടു പ്രസംഗിക്കുവാൻ ജോണിനോടു പറഞ്ഞപ്പോൾ അയാൾക്കതൊരധികഭാരമാണെന്നു തോന്നി. പക്ഷെ ചാൾസ് മുമ്പോട്ടു വന്നു "ഞാൻ ടോമിനു പകരം ഒന്നു പ്രസംഗിച്ചു നോക്കട്ടെ. ഇതു പറ്റിയ അവസരമാണ്. എനിക്കിതു വളരുവാനും പറ്റിയതാണ്. ദൈവം എനിക്കു തന്ന ഈ അവസരം ഉപയോഗിച്ചാൽ ദൈവം എനിക്കു വലിയ അവസരം തരും" എന്നു പറഞ്ഞു.

ഹാൾ വൃത്തിയാക്കുന്നതിനും കർത്തൃമേശ വൃത്തിയാക്കി അതെല്ലാം ഒരുക്കി വെയ്ക്കുന്നതിനും മറ്റും ആളുകളെ കണ്ടെത്തണം. ഞാൻ ഒരാൾ ഇതൊക്കെ എങ്ങനെ വൃത്തിയാക്കും എന്നോ എനിക്ക് അപ്പം ഉണ്ടാക്കുന്നതിനോ വീഞ്ഞു ശരിയായി ഒഴിച്ചു വെയ്ക്കുന്നതിനോ അറിഞ്ഞു കൂടാ എന്നു പറഞ്ഞു ഒഴിഞ്ഞു മാറുന്നവർ കാണും. പക്ഷെ ഒരു ജോലി കണ്ടറിഞ്ഞു സ്വയം ഏറ്റെടുത്തു നടത്തുക എന്നതാണ് ദൈവ സന്നിധിയിൽ പ്രശംസി ക്കപ്പെടുന്നത്.

രോഗികളെ സന്ദർശിക്കുവാൻ ആവശ്യപ്പെടുമ്പോൾ എത്രപേർ മുന്നോട്ടു വരും ? അവരെ സന്ദർശിക്കുമ്പോൾ അവരെ എങ്ങനെ ആശ്വസിപ്പിക്കും? അവർക്കു വേണ്ടി എങ്ങനെ പ്രാർത്ഥിക്കും? ഹാളിൽ വരുന്നവരാണ് വൃത്തികേടാക്കുന്നത്. ആരാധനയ്ക്കിരിക്കേണ്ട സ്ഥലം വൃത്തിയും വെടിപ്പും ഉള്ളതായിരിക്കണം. അതു പോലെ കർത്തൃ മേശയും വളരെ ശുചിയായി വെയ്ക്കണം. കൂടാതെ അപ്പം ഉണ്ടാക്കുന്നതും ഏറ്റവും നല്ല മാവു നോക്കി എടുത്തുകൊണ്ട് ഉടനെ അപ്പം ഉണ്ടാക്കിയെടുക്കണം. അങ്ങനെ അതെല്ലാം അംഗങ്ങൾക്കു വിതരണം ചെയ്യുമ്പോൾ അതു ദൈവ സന്നിധിയിൽ മഹത്വകരമായി തീരുന്നു.

ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് പഠിച്ച ഒരാളുടെ വീട്ടിൽ പോയി ബൈബിൾ പഠിപ്പിക്കണം. അതിന് ആരുണ്ടെന്നു ചോദിച്ചപ്പോൾ സാം സന്തോഷത്തോടെ സമ്മതിച്ചു. പുതിയ ആളുകളെ സന്ദർശിക്കുവാനും അവരോടു ദൈവ വചനം പങ്കിടുന്നതിനും ഇഷ്ടപ്പെടുന്ന ഒരാളാണ് സാം. ആത്മീയമായി സാമിന്റെ വളർച്ചയ്ക്കു അതു കാരണമായി. മൂന്നു മാസത്തെ തുടർച്ചയായ

പഠനം മൂലം ഒരു പുതിയ ദമ്പതികൾക്കു സത്യം ബോധ്യമായി. അവർ പുതിയ നിയമ കല്പന അനുസരിക്കുവാൻ തീരുമാനിച്ചു. അതു സാമിനും കുടുംബത്തിനും വളരെയധികം സന്തോഷമായിത്തീർന്നു.

ഭവന സന്ദർശനം നടത്തിയിരുന്ന ഒരു ദമ്പതിമാർക്കു തങ്ങൾ അതിൽ ക്ഷീണിതരാണെന്നു തോന്നിയപ്പോൾ അവർക്കു രോഗികളെ സന്ദർശിക്കാൻ അവസരം കൊടുത്തു. രോഗികളുടെ വിഷമങ്ങളും വേദനകളും കേൾക്കാൻ തുടങ്ങി. അങ്ങനെ അവരുടെ ക്ഷീണം അവർ അറിയാതായി. തന്നെയുമല്ല ഈ ദമ്പതികളുടെ സാമീപ്യം രോഗികൾക്കു ആശ്വാസമായി തീർന്നു. അതിലവർക്കു ചാരിതാർത്ഥ്യമുണ്ടായി. അങ്ങനെ നിസാരമായ കാര്യങ്ങളിൽ പരാതിയും പരിഭവവും പറയുന്ന സ്വഭാവം നിർത്തി. ക്രിയാത്മകമായി നാം എന്തെങ്കിലും ചെയ്യുമ്പോൾ നമ്മിലുള്ള നിഷേധസ്വഭാവം നീങ്ങി പോകും.

മോശെ പറഞ്ഞു : "ഇതാ, ഞാൻ ഇന്നു അനുഗ്രഹവും ശാപവും നിങ്ങളുടെ മുന്നിൽ വെയ്ക്കുന്നു. ഇന്നു ഞാൻ നിങ്ങളോട് ആജ്ഞാപിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകൾ നിങ്ങൾ അനുസരിക്കുന്നുവെങ്കിൽ അനുഗ്രഹവും നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകൾ അനുസരിക്കാതെ ഇന്നു ഞാൻ നിങ്ങളോടു കല്പിക്കുന്ന വഴിയേ വിട്ടു മാറി നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളുടെ പിന്നാലെ ചെല്ലുന്നു എങ്കിൽ ശാപവും വരും" (ആവർത്തനപുസ്തകം11:26- 27). കല്പനകൾ എല്ലാവർക്കും ഒരു പോലെയാണ് കൊടുത്തത്.പക്ഷെ ചിലർക്കതു അനുഗ്രഹമായി തീർന്നു. ദൈവം മുൻകൂട്ടി ചിലർക്കു അനുഗ്രഹവും മറ്റു ചിലർക്കു ശാപവും വെച്ചിട്ടില്ല. ഓരോരുത്തർക്കും ലഭിക്കുന്ന അവസരം ഉപയോഗിക്കുന്നതിന്റെ ഫലമായി ലഭിക്കുന്നതാണ് ഓരോന്നും.

അപ്പൊസ്തലനായ പൗലൊസ് പറയുന്നതു: "രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കപ്പെടുന്നവരുടെ ഇടയിലും ഞങ്ങൾ ക്രിസ്തുവിന്റെ സൗരഭ്യവാസന ആകുന്നു. ഇവർക്കു മരണത്തിൽ നിന്നു മരണത്തിലേയ്ക്കുള്ള വാസന. അവർക്കോ ജീവനിൽ നിന്നു ജീവനിലേയ്ക്കുള്ള വാസന തന്നേ" (2

കൊരിന്ത്യർ 2:15-16) എന്നത്രേ. ബൈബിളിലെ ദൈവിക സന്ദേശം ഇന്നും ഒന്നു തന്നെയാണ്. കേൾക്കുന്നവരുടെ പ്രതികരണം അനുസരിച്ചാണ് അവർക്കു ഫലം ലഭിക്കുന്നത്. നമ്മുടെ മനോഭാവമാണ് നാം എന്തു ചെയ്യുന്നു എന്നു കാണിക്കുന്നത്. സ്വർഗ്ഗത്തിലേയ്ക്കു പോകുന്നതും നരകത്തിലേയ്ക്കു പോകുന്നതും നാം തെരഞ്ഞെടുക്കുന്നതാണ്. ഓരോരുത്തരുടെയും മനോഭാവമാണ് അതു നിശ്ചയിക്കുന്നത്.

★

## ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനിത്വം

### ചാൾസ് ബോക്സ്

യെഹൂദ കാലഘട്ടം അഥവാ പഴയനിയമ കാലഘട്ടം ക്രിസ്തുവിന്റെ മരണത്തോടെ നീങ്ങപ്പെട്ടു. പുതിയനിയമം പ്രാബല്യത്തിൽ വന്നതോടെ പഴയനിയമം നീങ്ങപ്പെട്ടു. ക്രിസ്ത്യാനിത്വത്തിന്റെ പ്രാരംഭഘട്ടത്തിൽ ക്രിസ്തുവിനെ അനുഗമിച്ചു ജീവിച്ചവരുടെ ചരിത്രം നമ്മെ ആത്മീയമായി ഉണർത്തുന്നതാണ്. ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കു പ്രവേശിച്ചിരിക്കുന്ന നമുക്കു ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനിത്വത്തെ പുനരേകീകരിക്കാൻ പറ്റുമോ? എങ്കിൽ എങ്ങനെ? ഒരുപാട് മാറ്റങ്ങൾ ലോകത്തിൽ സംഭവിച്ചിട്ടുണ്ട്. പല കണ്ടുപിടുത്തങ്ങളും ലോകത്തിൽ പല ഭാഗത്തും നടന്നിട്ടുണ്ട്. വിവര സാങ്കേതിക മേഖലയിൽ കംപ്യൂട്ടറിന്റെ സ്വാധീനം ചെറുതൊന്നുമല്ല. മാറിക്കൊണ്ടിരിക്കുന്ന ലൗകിക ചിന്താഗതികൾക്കനുസരിച്ചു സുവിശേഷത്തിനു മാറ്റം വരുത്താൻ ശ്രമിക്കുന്നവരുണ്ട്. ക്രിസ്തുവിന്റെ സന്ദേശത്തിന്റെയും യാഗത്തിന്റെയും ആവശ്യകത ഇന്നും പ്രസക്തമാണോ? (1 കൊരിന്ത്യർ 15:1-4).

### മനുഷ്യൻ മാറിയിട്ടില്ല.

മനുഷ്യരിൽ പുരാതനകാലം മുതൽ ഉണ്ടായിരുന്ന ചില സ്വഭാവരീതികൾ നമുക്കു പരിശോധിക്കാം. അത്യാഗ്രഹം, കൈപ്പ്, അസൂയ, പക എന്നിവ അന്നും ഇന്നും മിക്കവരിലും കണ്ടുവരുന്നു. എന്നത്തേപോലെ തന്നെയാണ് ഇന്നും മനുഷ്യരുടെ സ്വഭാവം (ആവർത്തനപുസ്തകം 11:20). പാപത്തെ ഇഷ്ടപ്പെടുന്ന സ്വഭാവ

മാണ് മനുഷ്യരിൽ ഉള്ളത്. നിയമത്തെ അനുസരിക്കുന്നതിനേക്കാൾ അനുസരിക്കാതിരിക്കുകയാണ് ആളുകൾ ചെയ്യുന്നത്. നമ്മെ അധർമ്മത്തിനിരയാക്കി അടക്കി വാഴുന്ന ഒരു ശക്തിക്കു നാം കീഴ്പ്പെടുകയാണ്. അപ്പൊസ്തലനായ പൗലൊസ് പറയുന്നതു, എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോടു പോരാടുന്ന ഒരു പ്രമാണം എന്റെ അവയവങ്ങളിൽ കാണുന്നു; അതു എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിനു എന്നെ ബദ്ധനാക്കി കളയുന്നു എന്നാണ് (റോമർ7:23). കുറ്റം ചെയ്യുവാനുള്ള വാസന ഇന്നു സമൂഹത്തിൽ കുറയുന്നില്ല. ഇതിനർത്ഥം മനുഷ്യൻ മാറിയിട്ടില്ല എന്നാണ്

## മനുഷ്യന്റെ പ്രശ്നം മാറിയിട്ടില്ല

നോഹയുടെ കാലത്തു ആളുകൾ ദൈവത്തോടു മത്സരിച്ചു അവർ ദുഷ്ടന്മാരായിരുന്നു. “ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണങ്ങളൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു” (ഉല്പത്തി 6:5). അന്നത്തെ മനുഷ്യരുടെ പ്രശ്നം പാപമായിരുന്നു. ഇന്നും അതു തന്നെയാണ് മനുഷ്യന്റെ പ്രശ്നം. അടിസ്ഥാനപരമായി മനുഷ്യൻ പാപസ്വഭാവമുള്ളവനാണ്. “പാപം ചെയ്യാതെ നന്മ മാത്രം ചെയ്യുന്ന ഒരു നീതിമാനും ലോകത്തിലില്ല” (സഭാപ്രസംഗി 7:20). നീതിമാൻ ആരുമില്ല, ഒരുത്തൻപോലും ഇല്ല. എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായിതീർന്നു (റോമർ3:23).ആയിരം പേരെ നാം എടുത്തു പരിശോധിച്ചാൽഅതിൽ ഒരാൾ പോലും,പാപമില്ലാത്ത അവസ്ഥയിൽ കാണുകയില്ല. ഏതൊരാളുടേയും പ്രശ്നം ഇന്നും എന്നും നിയമലംഘനമാണ് .ആ പ്രശ്നത്തിനു ഇന്നും മാറ്റം സംഭവിച്ചിട്ടില്ല. മനുഷ്യന്റെ പ്രത്യാശ മാറിയിട്ടില്ല

മനുഷ്യരുടെ ഏക പ്രത്യാശ പണ്ടും ഇന്നും യേശുക്രിസ്തു തന്നെ. മനുഷ്യരുടെ ഉല്പത്തി മുതൽ ഇന്നുവരെ നമ്മുടെ പാപങ്ങൾ മോചിച്ചു തരുവാൻ കഴിവ് കർത്താവിന്നു മാത്രമേ ഉള്ളൂ. അവൻ പാപമില്ലാത്ത, ന്യൂനതയില്ലാത്ത തികഞ്ഞ യാഗം നമുക്കായി അർപ്പിച്ചു. ഒരു പുതിയ നിയമം മനുഷ്യരുടെ ഹൃദയത്തിൽ പകർന്നു കൊണ്ട് മനുഷ്യരുടെ സ്വഭാവത്തെ മാറ്റുവാനാണ് ദൈവം വഴി ഒരുക്കിയത്. “അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ

മഹിമാധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിനു ഇഷ്ടമായി. ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതു തന്നെ" (കൊലൊസ്യർ 1:27).

മനുഷ്യരുടെ ഹൃദയങ്ങളെ മാറ്റുന്നതിനു ദൈവ സഹായം ആവശ്യമാണ്. നാം ദൈവത്തിൽ വിശ്വസിച്ചു മാനസാന്തരപ്പെട്ടു പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്ക്കുമ്പോൾ പരിശുദ്ധാത്മാവ് എന്ന ദാനം നമ്മുടെ ഹൃദയങ്ങളിൽ വസിപ്പാനായി തരും. നമ്മുടെ മോശമായ ചിന്തകളും നിരൂപണങ്ങളും മാറ്റുവാനാണ് അങ്ങനെ ചെയ്യുന്നത്. പക്ഷേ നാം ഹൃദയപൂർവ്വം ദൈവത്തിന്റെ ഉപദേശരൂപം അനുസരിക്കണം. നാം നമ്മുടെ പാപങ്ങളിൽ നശിച്ചുപോകാതിരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. നമ്മുടെ അകൃത്യങ്ങളെ ദൈവം കണക്കിടുകയാണെങ്കിൽ നാമാരും ജീവിച്ചിരിക്കയില്ല. ദൈവത്തിന്റെ കരുണയും കൃപയും നമ്മുടെ രക്ഷക്കായി തുറന്നു വെച്ചിരിക്കുന്നു. നമുക്കു നിത്യജീവൻ തരാമെന്നു ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. നമുക്കു അദൃശ്യമായതും അപ്രാപ്യമായതും ദൈവം തരും. അവൻ വിശ്വസ്തനും നീതിമാനുമാണ്. മനുഷ്യന്റെ പ്രത്യാശ യേശുക്രിസ്തു മാത്രമാണ്. അതിനു മാറ്റം സംഭവിച്ചിട്ടില്ല.

ക്രിസ്തു നമ്മുടെ പാപങ്ങളെ വഹിച്ചു. അവൻ നമുക്കു വേണ്ടി സ്വയം ഏല്പ്പിച്ചുകൊടുത്തു. സ്വന്ത ശരീരവും രക്തവും മനുഷ്യരുടെ മോചനത്തിനായി യാഗ വസ്തുവായി കൊടുത്ത ഏക വ്യക്തി ക്രിസ്തു മാത്രമാണ്. മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു ഇന്നും പാപികൾക്കു വേണ്ടി പ്രായശ്ചിത്തമായി ജീവിക്കുന്ന ക്രിസ്തുവാണ് സർവ്വലോകത്തിനും വേണ്ടത്. "നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നു കൊണ്ടു ക്രൂശി മേൽ കയറി. അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു" (1 പത്രൊസ് 2:24)

അനുകരിക്കാവുന്ന ഒരേ ഒരു മാതൃക ക്രിസ്തു നമുക്കു വെച്ചേച്ചു പോയി. ദൈവ മക്കളാകുവാൻ നമുക്കു അവസരം ഒരുക്കിയതു കർത്താവാണ്. നമ്മുടെ വിശ്വാസത്തിന്റെ അന്തമായ

ആത്മരക്ഷ പ്രാപിക്കയും പറഞ്ഞു തീരാത്ത സന്തോഷത്തോടെ നാം ആനന്ദിക്കയും ചെയ്യും. മറ്റൊന്നു ക്രിസ്തുവിലായി തീർന്നാൽ ശിക്ഷാവിധി ഇല്ല എന്നതു മഹത്തായ കാര്യമാണ്. നമ്മുടെ അകൃത്യങ്ങൾക്കുള്ള ശിക്ഷ ക്രിസ്തു ഏറ്റെടുത്തതുകൊണ്ടാണ് നമുക്കു ആ ഭാഗ്യം ലഭിച്ചത്. അതാണ് ദൈവ കൃപയുടെ മഹത്വം. അതു നാം തള്ളിക്കളയരുത്.

ഇന്നും ഒന്നാം നൂറ്റാണ്ടിൽ ആരംഭിച്ച ക്രിസ്ത്യാനിത്വം നമുക്കു പിൻപറ്റുവാൻ കഴിയും. നാം ചെയ്യേണ്ടതു പുതിയ നിയമത്തിലേക്കു മടങ്ങി വരണം. ക്രിസ്തു അപ്പൊസ്തലന്മാരെ പഠിപ്പിച്ചതും അവർ നമുക്കു ഏല്പിച്ചു തന്നതുമായ ഏക ഉപദേശത്തിൽ നാം വിശ്വസിക്കണം. ആ ഉപദേശം മാത്രം അനുസരിക്കയും വേണം (2 യോഹന്നാൻ 9-10). സുവിശേഷമാണ് ആത്മാക്കളുടെ രക്ഷക്കായി ദൈവം വെച്ചിരിക്കുന്നതു കർത്താവിന്റെ രണ്ടാം വരവു വരെ അതു തുടരും. ഇതിനു മാറ്റം വരുത്തിയാൽ അങ്ങനെ ചെയ്യുന്നവർ ശപിക്കപ്പെടും. അതങ്ങനെ തന്നെ അനുസരിക്കുന്നവൻ നിത്യജീവങ്കലേക്കു പ്രവേശിക്കും. നിങ്ങൾ സത്യസുവിശേഷം അനുസരിച്ചു ക്രിസ്ത്യാനികൾ മാത്രം ആയി തീർന്നിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ ക്രിസ്തുവിന്റെ സഭയുമായി ബന്ധപ്പെടുക. ക്രിസ്തു വിലുള്ള രക്ഷ വചനപ്രകാരം എങ്ങനെ ലഭിക്കുമെന്നു രുചിച്ചറിയുക.

★

## ഭൗതികത്തിൽ നിന്നു ആത്മികതയിലേക്ക്

**ജോയി. കെ. സി**

ദൈവം ആത്മാവാകുന്നു അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം (യോഹന്നാൻ 4:24). ആദ്യത്തേതു പ്രകൃതിദത്തവും പിന്നെ ആത്മികവും.

ദൈവം ആത്മാവാകുന്നു. അവന്റെ സ്വഭാവ വിശേഷതകളിൽ ഭൗതികമായതൊന്നുമില്ല. ലോകവും അതിലുള്ളതൊക്കെയും നിർമ്മിച്ച ദൈവം, പുരാതന അഥേനയിലെ ബിംബങ്ങൾ നിറഞ്ഞ ക്ഷേത്രങ്ങളിൽ പതിവായി പോകുന്നവരോടു പൗലോസ് പറഞ്ഞു, അവൻ സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാകകൊണ്ടു ക്ഷേത്രങ്ങളിൽ

വാസം ചെയ്യുന്നില്ല (പ്രവൃത്തി 17:24). അങ്ങനെ ദൈവ വചനം പറയുന്നതു, വിശുദ്ധ സ്ഥലത്തിന്റെയും മനുഷ്യനല്ല, കർത്താവു സ്ഥാപിച്ച സത്യകൂടാരത്തിന്റെയും ശുശ്രൂഷകനായ മഹാപുരോഹിതൻ നമുക്കുണ്ട് (എബ്രായർ 8:2). അവിടേക്കുള്ള യേശുക്രിസ്തുവിന്റ പ്രവേശനത്തെകുറിച്ചു പറയുന്നതു, ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ടു കൈപ്പണിയല്ലാത്തതായി എന്നു വെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലുപ്പവും തികവുമേറിയ മന്ദിരത്തിൽ പ്രവേശിച്ചു (എബ്രായർ 9:11) എന്നാണ്.

മനുഷ്യനെ ആരംഭത്തിൽ ദൈവസാദൃശ്യത്തിൽ മെനഞ്ഞുണ്ടാക്കിയെങ്കിലും മനുഷ്യൻ ജഡികനാണ്. ഞാനോ ജഡമയൻ, പാപത്തിന്നു ദാസനായി വില്ക്കപ്പെട്ടവൻ തന്നേ എന്നു പൗലോസ് പറഞ്ഞിരിക്കുന്നു (റോമർ 7:4). അപ്പൊസ്തലൻ മറ്റൊരിടത്തു പറയുന്നു, സഹോദരന്മാരേ, മാംസരക്തങ്ങൾക്കു ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴികയില്ല. ദ്രവത്വം അദ്രവത്വത്തെ അവകാശമാക്കുകയില്ല എന്നു ഞാൻ പറയുന്നു (1 കൊരിന്ത്യർ 15:50). ജഡമയമായ ഒന്നിനും ദൈവത്തിന്റെ ആത്മികഗോളത്തിലേക്കു പ്രവേശിക്കാൻ സാദ്ധ്യമല്ല.

ജഡത്തിൽ നിന്നു ആത്മാവിലേക്കു മനുഷ്യൻ തിരിയണമെന്നു ദൈവം ആഗ്രഹിക്കുന്നു. തന്റെ മുഖം കണ്ടുകൊണ്ടു ജീവിക്കുന്ന തന്റെ സ്വന്ത ജനമായി ആളുകളെ ആക്കിത്തീർക്കുക എന്നതാണ് ദൈവത്തിന്റെ ഇച്ഛ. യാതൊരു ശാപവും ഇനി ഉണ്ടാകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും. അവന്റെ ദാസന്മാർ അവനെ ആരാധിക്കും. സുവർണ്ണദിശയിൽ ഘട്ടം ഘട്ടമായി വികസിപ്പിച്ചെടുത്തു മനുഷ്യവർഗ്ഗത്തിൽ മുഴുവൻ ക്ഷമയോടെ മന്ദഗതിയിൽ പ്രവർത്തിച്ചാണ് ആളുകളെ ഇത്തരത്തിൽ മാറ്റുന്നതു. ആരംഭത്തിൽ വളരെ ചുരുങ്ങിയ സമയം മാത്രമെ മനുഷ്യനു നിഷ്കളങ്കാവസ്ഥയിൽ വസിക്കാൻ കഴിഞ്ഞുള്ളൂ. ഏദെൻ തോട്ടത്തിൽ നിന്നു പുറത്താക്കപ്പെട്ടശേഷം മനുഷ്യൻ തന്റെ മനസാക്ഷിക്കും ദൈവാത്മാവിനാൽ നിർമ്മിക്കപ്പെട്ട തത്വങ്ങൾക്കും എതിരായി കുഴി കുഴിക്കാൻ തുടങ്ങി.

★

# വാർത്തകൾ

## സമാധാന പരമായ വോട്ടെടുപ്പ് :ഫലംഞായറാഴ്ച

കൂത്തുപറമ്പ്, അഴീക്കോട് മണ്ഡലങ്ങളിൽ വോട്ടെടുപ്പ് സമാധാന പരം. അഴീക്കോട് 78.33% പേരും കൂത്തുപറമ്പിൽ 79.75% പേരും വോട്ടു രേഖപ്പെടുത്തി. പോളിങ്ങിനു കനത്ത സുരക്ഷാ സന്നാഹമുണ്ടായിരുന്നതിനാൽ പറയത്തക്ക അക്രമ സംഭവങ്ങൾ ഉണ്ടായില്ല. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ അഴീക്കോട് 75.3 ശമാനവും കൂത്തുപറമ്പിൽ 83.34 ശതമാനവുമായിരുന്നു പോളിംങ്ങ്.

★

## പുത്തൻ അറിവിന്റെ ചെപ്പ് തുറന്ന് "പഠിപ്പുര"

തീരാത്ത കൗതുകങ്ങളുടേയും പുത്തൻ അറിവുകളുടേയും ചെപ്പു തുറന്ന് പഠിപ്പുരയെത്തി.

മാറുന്ന പാഠ്യങ്ങളിലേയ്ക്കും പഠന ശീലങ്ങളിലേയ്ക്കും വിദ്യാർത്ഥികൾക്കു വഴികാട്ടിയും സഹായിയും ആവാൻ മനോരമയിൽ മൂന്നു ദിവസം പത്രത്തിനൊപ്പം നൽകുന്ന "പഠിപ്പുര"യുടെ ആദ്യപ്രതി "മനോരമ" തിരുവനന്തപുരം യൂണിറ്റിൽ വിദ്യാർത്ഥികൾക്കു സമർപ്പിക്കാൻ കേരള സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. എം.കെ രാമചന്ദ്രൻ നായരാണ് എത്തിയത്.

കടൽ വിശേഷങ്ങളും. പരിസ്ഥിതി ദിന സന്ദേശങ്ങളും സാഹിത്യ സ്മാരകങ്ങളുമാണ് ആദ്യ പ്രതിയിലെ സമ്മാനം. വിദ്യാർത്ഥികളുടെ കഴിവിന്റെ സമസ്തമേഖലകളും പോഷിപ്പിക്കാൻ ഉദ്ദേശിച്ചുള്ള പംക്തിയെ വൈസ് ചാൻസിലറും കുട്ടികളും അധ്യാപകരും അഭിനന്ദിച്ചു. ക്ലാസ് മുറിയിലെ പഠനത്തിനപ്പുറം സ്വയം അറിവുനേടുന്നവർക്കേ വിജയിക്കാനാവു എന്നു അദ്ദേഹം ഓർമ്മിപ്പിച്ചു.

★

## വരൻ വൈകി അയൽവാസി മിന്നു കെട്ടി.

മുഹൂർത്ത സമയത്ത് എത്താതെ വരൻ മുങ്ങിയപ്പോൾ അയൽ വാസിയായ യുവാവ് മിന്നുകെട്ടി. കുറേക്കഴിഞ്ഞ് എത്തിയ വരനെ പിന്നീട് വധുവിന്റെ ബന്ധുക്കൾ നന്നായി "കൈകാര്യം" ചെയ്തു. കോവളം ജംഗ്ഷനു സമീപം ഇന്നലെ രാവിലെയായിരുന്നു സംഭവം.

കോവളം കെ.എസ്സ്. റോഡിൽ ബഥേൽ വിളാകം വീട്ടിൽ കമലമ്മയുടെ മകൾ ശൈലജയെയാണു മുഹൂർത്ത സമയത്ത് വരനെത്താത്തതിനെ തുടർന്ന് അയൽവാസി കുഴിവിളവീട്ടിൽ പാപ്പച്ചന്റെ മകൻ മിന്നുകെട്ടിയത്.

★

## യൂറോപ്പ്യൻ യൂണിയൻ ഭരണ ഘടന നെതർലന്റ്സും തള്ളി

യൂറോപ്പ്യൻ യൂണിയൻ ഭരണഘടനയ്ക്ക് അനുമതി തേടുന്ന ഹിത പരിശോധനയിൽ ഡച്ച് ജനതയും എതിരായി വിധി എഴുതി. ഞായറാഴ്ച നടന്ന ഹിത പരിശോധനയിൽ ഫ്രാൻസും യൂറോപ്പ്യൻ യൂണിയൻ ഭരണ ഘടന തള്ളിയിരുന്നു. യൂറോപ്പിന്റെ ഭാവി നിർണ്ണയിക്കുന്ന ഈ ഹിത പരിശോധനയിൽ വ്യക്തമായ ചേരി തിരിവു പ്രകടമാണ്. നെതർലന്റ്സിൽ നടന്ന പരിശോധന യിൽ 61.8% പേർ ഭരണഘടനയ്ക്കെതിരായി വോട്ട് ചെയ്തു. 38.2% അനുകൂലിച്ചു.ആകെ 62% പേർ ഹിതപരിശോധനയിൽ പങ്കെടുത്തു.

★

## സെറോണിന് ഇനി പിച്ചവയ്ക്കാം

ഇനി മത്സ്യ കന്യകയ്ക്കു പ്രതീക്ഷയുടെ പുതിയ ജീവിതത്തിലേയ്ക്ക് ആദ്യ ചുവടു വയ്ക്കാം. പ്രാർത്ഥനാഭരിതമായി ഒരു രാജ്യം മുഴുവൻ നോക്കി നിൽക്കേ, ഒന്നായിരുന്ന അവളുടെ കാലുകൾ ഡോക്ടർമാർ വേർപെടുത്തി പെറുവിലെ ദേശീയ ടെലിവിഷൻ അതിന്റെ കാഴ്ചകൾ തൽസമയംജനങ്ങളിലെത്തിച്ചു.

ജനിച്ചപ്പോൾ മിലാഗ്രോസ് സെറോണിന്റെ കാലുകൾ ഒട്ടിച്ചേർന്ന നിലയിലായിരുന്നു. "അദ്ഭുതം" എന്നർത്ഥം വരുന്ന പേർ മാതാപിതാക്കൾ അവൾക്കു നൽകി. മത്സ്യകന്നക എന്നു ഡോക്ടർമാരും ജനങ്ങളും അവളെ വിളിച്ചു. വെള്ളാരങ്കണ്ണു കാരിയുടെ കാലുകൾ ഇന്നലെ നാലര മണിക്കൂർ കൊണ്ടാണു ഡോക്ടർമാർ വേർപെടുത്തിയത്. കാൽ മുട്ടു വരെ ശസ്ത്രക്രിയ നടത്താനാണ് ഡോക്ടർമാരുടെ ഉദ്ദേശമെങ്കിലും തുടകളും വേർപെടുത്താൻ കഴിഞ്ഞു. രണ്ടു വർഷത്തിനുള്ളിൽ സെറോണിനു നടക്കാനാവുമെന്നു ശസ്ത്രക്രിയ നടത്തിയ സംഘത്തിന്റെ തലവൻ ഡോ. ലൂയിസ് റൂബിയോ പറഞ്ഞു.

★

## വൈറ്റ് ഹൗസിനെ മറിച്ചിട്ട സൗഹൃദം

വൈറ്റ് ഹൗസ് ഡ്യൂട്ടിയിലായിരുന്ന യുവ നേവി ലഫ്റ്റനന്റ് എഫ്.ബി.ഐയിലെ ഒരു ഉന്നത ഉദ്യോഗസ്ഥനെ കണ്ടു കണ്ട് ഒടുവി ൽ പരിചയപ്പെട്ടു. പരസ്പരം ഫോൺ നമ്പർ കൈമാറുന്ന സൗഹൃ ദമായി. പിന്നെ ഫോണിലൂടെ സൗഹൃദ സംഭാഷണം തുടങ്ങുന്നു.

ഒടുവിൽ അമേരിക്കയുടെ പ്രസിഡന്റിനെ അവരിരുവരും ചേർന്ന് വൈറ്റ് ഹൗസിൽ നിന്നും പറഞ്ഞു വിട്ടു. വൈസ് പ്രസിഡ ന്റായിരുന്ന ജറാൾഡ് ഫോഡിനു വൈറ്റ് ഹൗസിൽ താമസിക്കാൻ യോഗവുമായി.

★

## എൻട്രൻസ് സംവരണം: ഗുണം കിട്ടുന്നത് മിശ്ര വിവാഹിതരുടെ മക്കൾക്കെന്ന് മന്ത്രി

പട്ടിക വിഭാഗത്തിൽ നിന്നു പ്രഫഷനൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നവരിൽ 70% മിശ്രവിവാഹിതരുടെ മക്കളാ ണെന്നു മന്ത്രി എ.പി. അനിൽ കുമാർ. പട്ടിക ജാതിക്കാരെ വിവാഹം കഴിക്കുന്ന ഉയർന്ന ജാതിക്കാരുടെ മക്കളാണ് ഇവർ. യഥാർത്ഥ പട്ടിക വിഭാഗക്കാരുടെ മക്കൾക്കു സംവരണത്തിന്റെ 30% മാത്രമെ ലഭിക്കുന്നുള്ളൂ.

അച്ഛനോ, അമ്മയോ പട്ടികജാതി ആകയാൽ മക്കളും അതാവുമെന്നായിരുന്നു മുൻപ് നിയമം എന്നാലോചിച്ചപ്പോൾ അച്ഛൻ പട്ടികജാതിക്കാരനായാലേ വിദ്യാഭ്യാസം – തൊഴിൽ സംവരണം നൽകാവൂ എന്ന സുപ്രീം കോടതി വിധി അതിനു തടസ്സമായിരിക്കുകയാണ്. എന്നാൽ നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങളൊന്നും കുറയില്ല. ഈ വിധിയിൽ അനുകൂലമായും പ്രതികൂലമായും പട്ടിക ജാതി സംഘടനകൾക്കു നിലപാടുണ്ടെന്നു മന്ത്രി ചൂണ്ടിക്കാട്ടി.

★

## പറഞ്ഞതു അപ്രിയ സത്യം

സത്യം അപ്രിയമാകുമ്പോൾ പറയുന്നവരെ വിമർശിക്കുന്നതു കേരളത്തിൽ പതിവാണ്. ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നതു റവന്യൂ, വൈദ്യുതി വകുപ്പുകളിലാണെന്നുള്ള വിജിലൻസ് ഡയറക്ടറുടെ വെളിപ്പെടുത്തൽ പൂർണ്ണമായും ശരിയാണെന്ന് ഈ നാട്ടിലെ സാധാരണ ജനങ്ങൾക്കറിയാം.

കൈക്കൂലി കൊടുത്തില്ലെങ്കിൽ ഈ വകുപ്പുകളിൽ ഒരു കാര്യവും നടക്കുകയില്ല എന്നും കൊടുത്താൽ എന്തും നടക്കും എന്നുമുള്ള യാഥാർത്ഥ്യത്തിനു നേരേ ഭരണാധികാരികൾ മുഖം തിരിച്ചിട്ടു കാര്യമില്ല. സത്യം തുറന്നു പറഞ്ഞ വിജിലൻസ് ഡയറക്ടറുടെ നടപടി അഭിനന്ദനാർഹമാണ്.

★

## മിഷനറി പ്രവർത്തകരെ ആക്രമിച്ച കേസ്: പ്രതികളെ വിട്ടയച്ചു

ക്രിസ്ത്യൻ മിഷനറി പ്രവർത്തകരെ വടകര അഞ്ച്‌വിളക്ക് ജംഗ്ഷനിൽ ആക്രമിച്ച കേസിൽ ഏഴ് ആർ.എസ്.എസ് പ്രവർത്തകരെ കോഴിക്കോട് ഒന്നാം ഫാസ്റ്റ് ട്രാക്ക് കോടതി ജഡ്ജി എം.കെ. കുട്ടികൃഷ്ണൻ വിട്ടയച്ചു. ആർ.എസ്. എസ് പ്രവർത്തകരായ നിലകുന്നുമ്മൽ വീട്ടിൽ മണി, പോറോട് മണിയൂർ വീട്ടിൽ മുരളി, കരിമ്പനപ്പാലം ചെറിയ കയ്യിൽ വീട്ടിൽ പ്രമോദ്, ഇരിങ്ങൽ കളത്തിൽ വലിയപുറായിൽ വീട്ടിൽ ബാബു, ചെമ്പാല നാടംപച്ചക്കുനി അനിൽ, ഇരിങ്ങൽ ഒഴിക്കൊരു വയൽ വീട്ടിൽ എം.കെ ബാബു, കോട്ടക്കൽ കോട്ടൂർ വീട്ടിൽ സുരേഷ് ബാബു എന്നിവരെയാണ് വിട്ടയച്ചത്.

★

## HEAR THE VOICE OF TRUTH ON RADIO

## SRILANKA

| | |
|---|---|
| **Hindi** | Sundays 6:45 A.M.-7:00 A.M. and Thursdays, 6:45 A.M- 7:00 A.M. Speaker Sunny David, Box 3815, New Delhi - 110049 |
| **Malayalam** | Firday 3:45 - 4.00 P.M. Speaker : P. K.Varghese Box 5540, Trivandrum - 34 |
| **Tamil** | Mondays, Tuesdays, Wednesdays, Thursdays, Fridays 5:30 P.M. to 5.45 P. M. Speaker: P.R. Swamy, Box 8405, Bangalore- 560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P. M - 2:15 P. M. Speaker, Joshua Gootam, Box-80, Kakinada - 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your langauage. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum - 695 035, Kerala, India

**Price of Single Copy: Rs.4**

Annual subscription : Rs. 50/-

Reg. No.K. Dis. 90095/86/A8. Reg. No. KL(N) 22/2003-2005

Licensed to post without prepayment No. Tech/62-2 TV(N) 40/2005

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday - worship -10.00 am**

**Tuesday - Bible Study - 6.00 pm**

**ALL ARE WELCOME**

All correspondence should be sent to the Editor, The Bible Truth Post Box No. 5540, Trivandrum-34, Kerala, India.

*To*

*From*

**THE BIBLE TRUTH**

**Church of Christ**

Thampuranmukku,

Trivandrum-35

Kerala, India.

Phone : 2303378